**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ–സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 സെപ്റ്റംബർ 25, തിങ്കൾ

നിയമസഭ രാവിലെ 8–30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിര പ്രമേയം**

സംസ്ഥാനത്ത് പനി പടർന്നുകൊണ്ടിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം

മി.സ്പീക്കർ: സംസ്ഥാനത്ത് ചിക്കുൻ ഗുനിയ പടർന്നുപിടിച്ച തോടൊപ്പം ഡങ്കിപ്പനിയും എലിപ്പനിയും പടർന്നുപിടിച്ചതുമൂലം ചേർത്തല താലൂക്കിൽ 35 പേർ മരിക്കുകയും ഇടുക്കി, തിരുവനന്തപുരം ജില്ലകളിൽ ആയിരക്കണക്കിനാളുകൾ ആശുപത്രിയെ അഭയം പ്രാപിക്കുകയും ചെയ്തിട്ടും ആവശ്യത്തിന് ഡോക്ടർമാരോ മരുന്നോ ഇല്ലാത്ത സാഹചര്യ ത്തിലും സംസ്ഥാന ഗവണ്മെന്റ് കാണിക്കുന്ന അനാസ്ഥമൂലം ഉളവായിട്ടുള്ള അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ.സി. വേണുഗോപാൽ,

പി.കെ.അബ്ദുറബ്ബ്, ജോസഫ് എം. പുതുശ്ശേരി എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ.ബാലൻ): 18.9.2006-ൽ സബ്മിഷനായി അവതരിപ്പിച്ച വിഷയമാണിത്. ഈഡിസ് ഈജിപ്ഷ്യ വിഭാഗത്തിൽപ്പെട്ട കൊതുകുകൾ പരത്തുന്ന വൈറസ് രോഗമായ ചിക്കുൻ ഗുനിയ സാധാരണഗതിയിൽ രണ്ടാഴ്ചകൊണ്ട് ഭേദപ്പെടേണ്ടതാണെങ്കിലും രോഗിക്ക് മറ്റേതെങ്കിലും രോഗങ്ങളുണ്ടെങ്കിൽ മരണംവരെ സംഭവിക്കാം. ഈ രോഗലക്ഷണം കണ്ടയുടൻതന്നെ ധനകാര്യ വകുപ്പുമന്ത്രിയും ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയും ഒരു യോഗം വിളിച്ചുചേർത്തു. പെട്ടെന്ന് ഈ രോഗം പടരുന്നുവെന്ന് മനസ്സിലാക്കി ഇന്നലെ ആലപ്പുഴ ജില്ലാ കളക്ടർ, ഡി.എം.ഒ. എന്നിവരുടെ നേതൃത്വത്തിൽ ഒരു സംയുക്തയോഗം വിളിച്ചുചേർക്കുകയും രോഗം പടരാതിരിക്കുന്നതിനുള്ള കാര്യങ്ങളെ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. രോഗവിവരം റിപ്പോർട്ടുചെയ്തയുടനെതന്നെ 150 ക്യാമ്പുകൾ സംഘടിപ്പിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിൽ ഹൗസ് സർജന്മാരുടേയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടേയും സേവനം സ്വമേധയാ ലഭ്യമാക്കുകയും ഡോക്ടർമാരുടെ ഒഴിവുകളിൽ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമനം നടത്തുകയും ജില്ലാ ആശുപത്രിയിലേയും വിമൻ ആന്റ് ചിൽഡ്രൻ ആശുപത്രിയിലേയും ഡോക്ടർമാർ സജീവമായി രംഗത്തുവരികയും ചെയ്തിരിക്കുന്നു. ചേർത്തല താലൂക്ക് ആശുപത്രിയിൽ ചിക്കുൻ ഗുനിയ ബാധിച്ച രോഗികളെ കിടത്തി ചികിൽസിക്കുന്നതിനായി 150 കിടക്കകൾ സപ്ളൈ ചെയ്തുകഴിഞ്ഞു. മരുന്നിന് നോൺ പ്ളാൻ

ഇനത്തിൽ 10 ലക്ഷം രൂപയും ഐ.എച്ച്.ഡി.പി. പ്രകാരം 6.5 ലക്ഷം രൂപയും കൊടുത്തു. കോഴിക്കോട്, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ മന്ത്രിസഭാ തീരുമാനപ്രകാരം 20 ലക്ഷം രൂപ അൺടൈഡ് ഫണ്ടായി കൊടുത്തു. പാരസെറ്റമോൾ ടാബ്ലറ്റ്, ഇൻജക്ഷൻ, ഐ.വി. ഫ്ളൂയിഡ് തുടങ്ങിയവ ആവശ്യാനുസരണം രോഗികൾക്ക് കൊടുക്കുന്നുണ്ട്. ശുദ്ധജലത്തിൽ വളരുന്ന പ്രത്യേക തരം കൊതുകുകളാണ് ഈ രോഗം പരത്തുന്നത്. ആരോഗ്യ വകുപ്പ് കൊതുകു നിർമ്മാർജ്ജനത്തിന് ആവശ്യമായ പരസ്യങ്ങൾ നൽകിയിട്ടുണ്ട്. രോഗം പടരാതിരിക്കുന്നതിന് ലാർവാ സ്റ്റേജിൽത്തന്നെ കൊതുകിനെ നശിപ്പിക്കേണ്ടതാണ്. അഡൽറ്റ് സ്റ്റേജിലെത്തിയ കൊതുകിനെ ഫോഗിംഗിലൂടെ നശിപ്പിക്കുന്നുണ്ട്. ചികിൽസയ്ക്ക് ആവശ്യമായ ഡോക്ടർമാരെ കൊടുക്കുക, മരുന്ന് വാങ്ങുന്നതിനുള്ള പണം കൊടുക്കുക, ജനങ്ങളെ ബോധവൽക്കരിക്കുക തുടങ്ങി ഗവണ്മെന്റിന് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യുന്നുണ്ട്. ഗവണ്മെന്റിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ശ്രീ. കെ. സി. വേണുഗോപാൽ: 18.9.2006-ന് ഈ വിഷയം സബ്മിഷനായി സഭയിൽ അവതരിപ്പിക്കുമ്പോൾ 15 പേർ ചിക്കുൻ ഗുനിയ ബാധിച്ച് മരിച്ചിരുന്നുവെങ്കിൽ ഇപ്പോൾ 36 പേർ മരണപ്പെട്ടിട്ടും ആരോഗ്യ വകുപ്പ് കാര്യങ്ങൾ മറച്ചുവച്ചുകൊണ്ടിരിക്കുകയാണ്. രോഗബാധ കണ്ടുതുടങ്ങി രണ്ട് മാസത്തിനുശേഷം ഇന്നലെയാണ് ധനകാര്യ വകുപ്പുമന്ത്രി യോഗം വിളിച്ചു കൂട്ടിയത്. ജില്ലാ ഭരണകൂടം വളരെ ലാഘവത്തോടുകൂടിയാണ് ഈ പ്രശ്നത്തെ കാണുന്നത്. ചിക്കുൻ ഗുനിയ കാരണമല്ല ആളുകൾ മരിച്ചതെന്ന ആരോഗ്യ വകുപ്പിന്റെ വാദം സ്വീകാര്യമല്ല. ഹോമിയോ, ആയുർവ്വേദം,

അലോപ്പതി മേഖലകളെ കോ–ഓഡിനേറ്റ് ചെയ്ത് ഫലപ്രദമായ ചികിൽസാരീതി സ്വീകരിക്കേണ്ട ജില്ലാഭരണകൂടം ഇത്രമാത്രം നിർജ്ജീവമായ കാലഘട്ടം ഇതിനുമുമ്പുണ്ടായിട്ടില്ല. ഇനിയെങ്കിലും യുദ്ധകാലാടിസ്ഥാന ത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണം, രോഗബാധിത മേഖലയിൽ സൗജന്യ റേഷൻ പ്രഖ്യാപിക്കണം. മരണമടഞ്ഞവരുടെ കുടുംബത്തിന് ധനസഹായം നൽകണം. ചിക്കുൻ ഗുനിയയ്ക്കു പിന്നാലെ ഡങ്കിപ്പനിയും എലിപ്പനിയും ഉണ്ടാകുന്നതിനാൽ ഫോഗിംഗ് ഫലപ്രദമായി നടത്തണം. ത്രിതല പഞ്ചായത്ത് സംവിധാനം കൂടുതൽ സജ്ജമാക്കി ഫലപ്രദമായ ക്യാമ്പയിൻ നടത്തുന്നതിന് ഗവണ്മെന്റ് നേതൃത്വം കൊടുക്കണം. ഗൗരവമേറിയ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ)</u>: കൊതുക് പരത്തുന്ന ഡങ്കിപ്പനി ബാധിച്ച് യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് 660 പേരാണ് മരിച്ചത്. കൊതുകു നിർമ്മാർജ്ജനത്തിന് ചെയ്യാൻ കഴിയുന്നതെല്ലാം ഈ ഗവണ്മെന്റ് ചെയ്യുന്നുണ്ട്. ആവശ്യത്തിന് മരുന്ന് എത്തിക്കുകയും പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിക്കുകയും ആവശ്യമായ പണം വകയിരുത്തുകയും ചെയ്തു. ഇന്നലെയും ഈ പ്രശ്നം സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി. ചിക്കുൻ ഗുനിയ പടരാതിരിക്കുന്ന തിനും മരണം സംഭവിക്കാതിരിക്കുന്നതിനും ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യുന്നുണ്ട്. നടപടികളെടുക്കുന്നതിൽ എന്തെങ്കിലും വീഴ്ചയുണ്ടെന്ന് ചൂണ്ടിക്കാണിച്ചാൽ അത് പരിഹരിക്കുന്ന താണ്. 36 പേർ മരിച്ചത് മറ്റ് രോഗകാരണങ്ങൾ കൊണ്ടാണെന്നാണ് ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ട്. ചിക്കുൻ ഗുനിയ ബാധിച്ചാൽ സാധാരണ രോഗി

മരിക്കാറില്ല. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, കെ.എം.മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പ സമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരാകുകയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) <u>വലിയതുറ ഫിഷ് ലാന്റിംഗ് സെന്ററിന്റെയും പൂന്തുറയിലെ പുലിമുട്ടിന്റെയും നിർമ്മാണം</u>

<u>ശ്രീ. വി. സുരേന്ദ്രൻപിള്ള</u>: വലിയതുറ, പൂന്തുറ, വേളി, ചെറിയതുറ, കൊച്ചുവേളി, ആക്കുളം തുടങ്ങി തിരുവനന്തപുരത്തെ തീരപ്രദേശത്തുള്ള പതിനായിരത്തിലേറെ മൽസ്യത്തൊഴിലാളികൾ മൺസൂൺകാലങ്ങളിൽ കടലിൽനിന്ന് മൽസ്യസമ്പത്ത് ശേഖരിക്കാനാകാത്തതുകാരണം കഷ്ട ത്തിലാണ്. സൗജന്യ റേഷൻ തുടങ്ങി പല പരിഹാര മാർഗ്ഗങ്ങളും സ്വീകരിച്ചി ട്ടുണ്ടെങ്കിലും ശാശ്വതമായ ഒരു നടപടി കണ്ടെത്താൻ നാളിതുവരെയുള്ള ഗവണ്മെന്റുകൾക്ക് കഴിഞ്ഞിട്ടില്ല. തീരദേശമേഖലയുടെ അടിസ്ഥാനസൗകര്യ വികസനം ഉറപ്പുവരുത്താനും ആ പ്രദേശത്തിന്റെ വികസനത്തിനുമായി ഓരോ 15 കിലോമീറ്റർ ദൂരത്തിനുമിടയിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കാൻ നടപടി സ്വീകരിക്കണം. വലിയതുറയിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുകയും പൂന്തുറയിൽ പുലിമുട്ട് നിർമ്മിക്കുകയും

ചെയ്താൽ അവിടെയുള്ള പതിനായിരക്കണക്കിന് മൽസ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പട്ടിണിക്ക് പരിഹാരമുണ്ടാക്കാനും തൊഴിൽ സാധ്യത ഉറപ്പുവരുത്താനും കഴിയും.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): തിരുവനന്തപുരം ജില്ലയിലെ വലിയതുറയിൽ ഒരു മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കാനുള്ള ആവശ്യകത നിർണ്ണയിക്കുന്നതിനായി സാധ്യതാപഠനവും അന്വേഷണഗവേഷണവും മാതൃകാപഠനവും നടത്തേണ്ടതുണ്ട്. ഹാർബർ സ്ഥാപിക്കാൻ കഴിയുമെന്ന് കണ്ടാൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവണ്മെന്റിന്റെ അനുവാദത്തിന് വിധേയമായി 50 ശതമാനം കേന്ദ്ര സഹായ പദ്ധതിയിൽപ്പെടുത്തി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പൂന്തുറ പൊഴിയുടെ അഴിമുഖത്ത് പുലിമുട്ട് നിർമ്മിക്കുന്നതിനും അന്വേഷണ ഗവേഷണ സാധ്യതാപഠനം നടത്തുന്ന തിനും ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റിന് അടിയന്തിരമായി നിർദ്ദേശം നൽകുന്നതാണ്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

### (2) മുല്ലപ്പെരിയാർ ഡാമിന്റെ അപകടനിലമൂലം ഉണ്ടായിട്ടുള്ള സ്ഥിതിവിശേഷം

ശ്രീ. കെ.എം. മാണി: 1930 മുതൽ ബലക്ഷയം ആരംഭിച്ച മുല്ലപ്പെരിയാർ ഡാമിന്റെ ഇന്നത്തെ സ്ഥിതി സംഭ്രമജനകമാണ്. ഇനിയൊരു ഭൂചലന മുണ്ടായാൽ താങ്ങാനുള്ള ശേഷി ഡാമിനില്ല. പ്രസ്തുത ഡാം തകർന്നാൽ അഞ്ച് ജില്ലകൾ മുഴുവൻ ഒഴുകിപ്പോകുകയും 30 ലക്ഷത്തിൽപ്പരം ആളുകൾക്ക് ജീവഹാനി സംഭവിക്കുകയും ചെയ്യും. ഡാമിന്റെ

സുരക്ഷിതത്വമില്ലായ്മ കാരണമാണ് ജലനിരപ്പ് കുറച്ചുകൊണ്ടുവന്നത്. തീവ്രതയുള്ള ഭൂചലനംവരെ കേരളത്തിലുണ്ടാകാമെന്നാണ് ഭൗമശാസ്ത്ര പഠനങ്ങൾ തെളിയിക്കുന്നത്. സ്വീപ്പേജ് വാട്ടറിന്റെ മെഷർമെന്റ് എടുക്കാൻ മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയറെ അനുവദിക്കാത്തതും ജോയിന്റ് ഇൻസ്പെക്ഷന് സന്നദ്ധമാകാത്തതും ഗൗരവമായി കാണേണ്ടതാണ്. കേരളത്തിന്റെ സെക്യൂരിറ്റിക്കായി മറ്റ് ഏജൻസികളുടെ ദയാദാക്ഷിണ്യത്തിന് കാത്തുനിൽക്കാതെ ഗവണ്മെന്റിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിക്കണം. കേരളത്തിന്റെ വസ്തു തമിഴ്നാടിന് പാട്ടത്തിന് കൊടുത്തതാണ്. ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി ആക്ടനുസരിച്ച് കരാർ നിലനിൽക്കുന്നിടത്തോളംകാലം ഉടമസ്ഥന് പാട്ടക്കാരന്റെ കൈവശ മിരിക്കുന്ന ഭൂമിയിൽ പ്രവേശിക്കാനും കണ്ടീഷൻ മനസ്സിലാക്കാനും അധികാരമുണ്ടെന്നുള്ളതിനാൽ തമിഴ്നാട് ഗവണ്മെന്റ് കേരളത്തെ പ്രവേശിക്കാൻ അനുവദിക്കാതിരിക്കുന്നത് ക്ളിയർ വയലേഷൻ ആണ്. അതിനാൽ കരാർ റദ്ദ് ചെയ്യാൻ നോട്ടീസ് കൊടുക്കാൻ ഗവണ്മെന്റിന് അവകാശമുണ്ട്. കൂടാതെ 1970-ൽ സി. അച്യുതമേനോൻ മുഖ്യമന്ത്രി യായിരുന്ന കാലത്ത് കൊണ്ടുവന്ന സപ്ളിമെന്ററി എഗ്രിമെന്റിലെ വ്യവസ്ഥയനുസരിച്ച് 30 വർഷത്തിലൊരിക്കൽ പാട്ട വ്യവസ്ഥ പുതുക്കണമെന്നാണ്. പാട്ടവ്യവസ്ഥകൾ പുതുക്കുന്നതിനുവേണ്ടി തമിഴ്നാട് ഗവണ്മെന്റ് ആവശ്യപ്പെടുകയോ അതിനുള്ള നടപടികൾ എടുക്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ കരാർ തന്നെയില്ലാത്ത അവസ്ഥയാണുള്ളത്. റിന്യൂ ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു കരാർ ആണ് നിലനിൽക്കുന്നത്. 30 വർഷം കൂടുമ്പോൾ പാട്ടക്കരാറുകളിലെ വ്യവസ്ഥകൾ പുതുക്കണമെന്നിരിക്കെ കരാറിന്റെ കാലാവധി തന്നെ കഴിഞ്ഞിരിക്കുന്ന

പശ്ചാത്തലത്തിൽ ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടീസ് ആക്ടനുസരിച്ച് കരാർ റദ്ദാക്കുന്നതിനുള്ള നോട്ടീസ് കൊടുക്കാനുള്ള നടപടികൾ ഈ ഗവണ്മെന്റ് സ്വീകരിച്ചാൽ തമിഴ്നാട് ഗവണ്മെന്റ് ചർച്ചയ്ക്ക് തയ്യാറാകും. കേരള നിയമസഭയിൽ ഒരു പ്രമേയം പാസ്സാക്കി ഇത് റദ്ദ് ചെയ്യുന്നതിനെ സംബന്ധിച്ച് ആലോചിക്കണം. തമിഴ്നാട് മുഖ്യമന്ത്രി തന്നിരിക്കുന്ന മറുപടിയുടെ കോപ്പി മേശപ്പുറത്ത് വയ്ക്കുകയോ അതിന്റെ പൂർണ്ണ രൂപം എന്താണെന്ന് ഈ സഭയെ അറിയിക്കുകയോ ചെയ്യണം.

ജലവിഭവ വകുപ്പു മന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): മുല്ലപ്പെരിയാർ ഡാമിന്റെ ഗൗരവം മനസ്സിലാക്കി ചട്ടം 300 അനുസരിച്ച് ഗവൺമെന്റ് വിശദമായ ഒരു പ്രസ്താവന സഭ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. ഇതു സംബന്ധിച്ച് കൂടുതൽ വിശദീകരണവും സംസ്ഥാന ഗവൺമെന്റിന്റെ നിലപാടും വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടാണ് ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചിട്ടുള്ളത്. ഗവൺമെന്റിന്റെ പ്രസ്താവനയിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു പുതിയ കാര്യമാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇക്കാര്യം ഗവൺമെന്റ് നിസ്സഹായതയോടെ നോക്കിക്കാണില്ല. പ്രതിപക്ഷത്തിന്റെ സമ്പൂർണ്ണമായ സഹകരണത്തോടെ ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കേരള നിയമസഭ പാസ്സാക്കിയ 2006-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) ആക്ടിന്റെ ഭരണഘടനാ സാധുതയെ സംബന്ധിച്ച് ഐറ്റം നമ്പർ എട്ടായി ഇന്ന് സുപ്രീം കോടതിയിൽ വാദം കേൾക്കുകയാണ്. ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി ആക്ട് സെക്ഷൻ 108 (എം) അനുസരിച്ച് ലീസ് പ്രോപ്പർട്ടിയിൽ ഇൻസ്പെക്ട് ചെയ്യാനും അതിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ച് പരിശോധിക്കാനുമുള്ള അധികാരം ലെസ്സർക്ക് ഉണ്ടെന്നുള്ളത് ശരിയാണ്.

അങ്ങനെ പരിശോധിക്കുമ്പോൾ ഏതെങ്കിലും തരത്തിലുള്ള തകരാർ ലീസ് പ്രോപ്പർട്ടിയിലുണ്ടെന്ന് ലെസ്സർക്ക് ബോധ്യപ്പെട്ടാൽ ലെസ്സീക്ക് നോട്ടീസ് കൊടുക്കണം. ഡാം സേഫ്റ്റി അതോറിറ്റിയുടെ ഉദ്യോഗസ്ഥർ ലീസ് പ്രോപ്പർട്ടിയിൽ പോയതിന്റെ അടുത്ത ദിവസംതന്നെ തമിഴ്നാട് ഗവൺമെന്റിന് നോട്ടീസ് കൊടുത്തു. തമിഴ്നാടിന് ചെയ്യാൻ കഴിയുന്നത് ആ ഡാമിലുള്ള ഡിഫെക്ട് ശരിയാക്കുക എന്നതാണ്. അങ്ങനെ ചെയ്താൽ അതോടെ ഈ പ്രശ്നം അവസാനിക്കും. ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി ആക്ടിൽ ലീസ് ഡീഡ് റിവോക്ക് ചെയ്യാനുള്ള വ്യവസ്ഥ ഇല്ല. സുപ്രീം കോടതിയുടെ അഭിഭാഷകൻ മുൻ ഗവൺമെന്റ് ആവശ്യപ്പെട്ടതനുസരിച്ച് നൽകിയ നിയമോപദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ഈ കോൺട്രാക്ട് റിവോക്ക് ചെയ്യുക എന്നതുൾപ്പെടെയുള്ള നിരവധി ഓപ്ഷനുകൾ ഗവൺമെന്റിന്റെ മുന്നിലുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കണമെന്ന് സർവ്വകക്ഷി നിവേദക സംഘം പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രധാനമന്ത്രിയുടെ ഓഫീസ് ഇക്കാര്യത്തിൽ ഫലപ്രദമായി ഇടപെട്ടിട്ടുണ്ട്. ലീസ് ഡീഡ് പൂർണ്ണമായും റിവോക്ക് ചെയ്യുന്നത് സംബന്ധിച്ച് സർവ്വകക്ഷി യോഗവും നിയമസഭയും ഒരുമിച്ച് ഈ പ്രശ്നം ഉന്നയിക്കുകയാണെങ്കിൽ അക്കാര്യം പരിഗണിക്കാവുന്നതാണ്. പ്രധാനമന്ത്രിയുടെ മുമ്പാകെ വച്ചിട്ടുള്ള മറ്റൊരു നിർദ്ദേശം ഒരു ആൾട്ടർനേറ്റ് ഡാം അതിന്റെ താഴെ നിർമ്മിക്കുക എന്നതാണ്. അക്കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിലുള്ള ധാരാളം ഓപ്ഷനുകൾ ഈ പ്രശ്നം സംബന്ധിച്ച് ഉണ്ട്. വൈക്കോ തമിഴ്നാട്ടിലെ മധുരയിൽ നടത്തിയ പ്രകോപനപരമായിട്ടുള്ള പ്രസംഗവും റാലിയും ഫെഡറൽ സംവിധാനത്തിൽ ഒരു രാഷ്ട്രീയ നേതാവ് ഒരിക്കലും

ചെയ്യാൻ പാടില്ലാത്തതാണ്. അത്തരം പ്രകോപനപരമായ പ്രസംഗങ്ങൾ നടത്തിയിട്ടും കേരളം ഒരു ഗവൺമെന്റിന്റെ കാലഘട്ടത്തിലും തമിഴ്നാടിന് വെള്ളം കൊടുക്കുന്നതിന് എതിരഭിപ്രായം പറഞ്ഞിട്ടില്ല. ഡാമിന്റെ ഉയരം 136 അടിയിൽനിന്നും 142 അടി ആയും ബേബി ഡാം സ്ട്രെങ്ത്തൻ ചെയ്തതിനുശേഷം 152 ആയും വർദ്ധിപ്പിക്കണമെന്നുള്ള സുപ്രീം കോടതിയുടെ വിധി പ്രാവർത്തികമാക്കാൻ സാങ്കേതികമായ ബുദ്ധിമുട്ടുണ്ട്. ഫെഡറൽ സംവിധാനം നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് ഈ പ്രശ്നം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി പ്രശ്നപരിഹാരം ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള പരിശ്രമത്തിലാണ് ഗവൺമെന്റ് ഏർപ്പെട്ടിട്ടുള്ളത്. പഞ്ചാബും ഹരിയാനയും തമ്മിൽ നദീജലം പങ്കിടുന്നതുമായി ബന്ധപ്പെട്ട് തർക്കമുണ്ടായപ്പോൾ പഞ്ചാബ് സംസ്ഥാന നിയമസഭ കൂടി ഇന്റർസ്റ്റേറ്റ് റിവർ ഷെയറിംഗ് എഗ്രിമെന്റ് ക്യാൻസൽ ചെയ്തു. ആ പ്രശ്നം രാഷ്ട്രപതിയുടെ റഫറൻസിന്റെ അടിസ്ഥാനത്തിൽ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. മുല്ലപ്പെരിയാർ ഡാമിന്റെ പ്രശ്നത്തിൽ നിയമപരവും സാങ്കേതികവുമായ എല്ലാ പ്രശ്നങ്ങളും വിലയിരുത്തി പ്രതിപക്ഷത്തിന്റെ സഹകരണത്തോടുകൂടി യുക്തിസഹമായ നിലപാടെടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്. ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി ആക്ടിന്റെ സെക്ഷൻ 108 (എം) അനുസരിച്ച് സ്പെസിഫിക് പെർഫോമെൻസിനുവേണ്ടി സംസ്ഥാന ഗവൺമെന്റിന് നോട്ടീസ് കൊടുക്കാമെങ്കിലും ഡാമിന്റെ സുരക്ഷാ പ്രവർത്തനങ്ങൾ തമിഴ്നാടിനെ ഏൽപ്പിക്കുകയായിരിക്കും അതിന്റെ അന്തിമ ഫലം. അതുകൊണ്ടാണ് ലീസ് ഡീഡ് റിവോക്ക് ചെയ്യുന്നതിനുവേണ്ടി ഗവൺമെന്റ് നോട്ടീസ് കൊടുക്കാത്തത്. കേസിന്റെ വിചാരണ വന്നതിനുശേഷം കക്ഷി രാഷ്ട്രീയമോ മുന്നണി വ്യത്യാസമോ ഇല്ലാതെ

മുഖ്യമന്ത്രിയുടേയും പ്രതിപക്ഷനേതാവിന്റേയും സൗകര്യാർത്ഥം ബഹുമാനപ്പെട്ട സ്പീക്കർ ചർച്ച അനുവദിക്കുന്ന സാഹചര്യത്തിൽ അത് നടത്താൻ ഗവൺമെന്റ് സന്നദ്ധമാണ്. മ്യൂചൽ ഡിസ്ക്കഷനിലൂടെ പ്രശ്നം പരിഹരിക്കാനുള്ള നിർദ്ദേശമാണ് കേരള സർക്കാർ മുന്നോട്ടുവച്ചത്. സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഡാമിലെ ജലനിരപ്പ് 142 അടിയായി വർദ്ധിപ്പിക്കാനുള്ള അവകാശം തമിഴ്നാടിനുണ്ടെന്നുള്ള പ്രതികരണമാണ് തമിഴ്നാട് മുഖ്യമന്ത്രി കേരളത്തിന് നൽകിയത്. പ്രസ്തുത മറുപടിക്കത്ത് മേശപ്പുറത്ത് വയ്ക്കുന്നതാണ്.

**സബ്മിഷൻ**

(1) <u>നോട്ടുബുക്ക് വ്യവസായം നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ ബാബു എം. പാലിശ്ശേരി</u>: വിദ്യാലയങ്ങൾ തുറക്കുന്ന സമയത്ത് മാത്രം സജീവമാകുന്ന നോട്ടുബുക്ക് നിർമ്മാണ മേഖല ഇന്ന് ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. സംസ്ഥാനത്ത് കുന്നംകുളം കേന്ദ്രീകരിച്ചാണ് ഈ വ്യവസായം കൂടുതൽ നടത്തിവരുന്നത്. ഏതാണ്ട് പതിനായിരത്തിൽപ്പരം ആളുകൾ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്. വിലയുടെ കാര്യത്തിൽ മൽസരിക്കാനുള്ള കഴിവില്ലായ്മ, സംസ്ഥാനത്തിന് പുറത്തുള്ള മാർക്കറ്റിംഗിന്റെ ദൗർലഭ്യത എന്നിവയാണ് ഈ മേഖല പ്രതിസന്ധി യിലാകാൻ കാരണമായിട്ടുള്ളത്. 1987–91 കാലഘട്ടത്തിൽ അന്നത്തെ സർക്കാർ നികുതിയിളവ് നൽകിയും കയർഫെഡ് ഷോറൂമുകൾ വഴി നോട്ടുബുക്കുകൾ വിൽപ്പന നടത്തിയും ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിനുള്ള ശ്രമം നടത്തിയെങ്കിലും അത് വിജയിച്ചില്ല. എറണാകുളം ജില്ലയിലെ സ്കൂളുകളിൽ നടപ്പാക്കി ക്കൊണ്ടിരിക്കുന്ന ഫയൽ സിസ്റ്റം ഈ മേഖലയെ കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് നയിക്കും.

കേരളത്തിലുണ്ടാക്കുന്ന നോട്ടുബുക്കുകൾ കേരളത്തിന് പുറത്തും വിറ്റഴിക്കാനും അതിലൂടെ ഈ മേഖലയെ രക്ഷിക്കാനും വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ എളമരം കരീം) നോട്ടുബുക്കു നിർമ്മാണ വ്യവസായം നേരിടുന്ന പ്രതിസന്ധിയെ സംബന്ധിച്ച് വ്യക്തമായ പരാതികൾ ലഭിച്ചില്ല. ഈ വ്യവസായം സീസണൽ ആയതിനാലും നോട്ടുബുക്ക് നിർമ്മാണത്തിനാവശ്യമായ പേപ്പർ അന്യ സംസ്ഥാനങ്ങളിൽ നിന്നും ലഭ്യമാക്കണമെന്നതിനാലും അന്യ സംസ്ഥാനങ്ങളിൽനിന്നും താരതമ്യേന വിലകുറവുള്ള നോട്ടുബുക്കുകൾ ലഭ്യമാകുന്നതിനാലുമൊക്കെയാണ് ഈ മേഖല ഇന്ന് പ്രതിസന്ധി നേരിടുന്നത്. വ്യാവസായിക ക്ലസ്റ്ററുകൾ രൂപീകരിക്കുക വഴി വില കുറയ്ക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും മാർക്കറ്റുകൾ ശക്തിപ്പെടുത്തുന്നതിനും ശ്രമങ്ങൾ നടത്തുന്നതാണ്. ബന്ധപ്പെട്ടവരുമായി പ്രശ്നങ്ങൾ ചർച്ച ചെയ്ത് ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(2) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

ശ്രീ. വി. ശിവൻകുട്ടി: അശാസ്ത്രീയമായ വികസന പ്രവർത്തനങ്ങളുടെ ഫലമായുണ്ടായ വെള്ളപ്പൊക്കംമൂലം തലസ്ഥാന നഗരിയിൽ വീടുകൾ തകർന്ന നിരവധി കുടുംബങ്ങൾ ഇന്ന് ദുരിതാശ്വാസ കേന്ദ്രങ്ങളിൽ അഭയം തേടിയിരിക്കുകയാണ്. തിരുവനന്തപുരത്ത് ഗതാഗതം പോലും നിർത്തിവച്ചിരിക്കുകയാണ്. ഒരു വർഷം ഏതാണ്ട് 105 ദിവസത്തോളം മഴ ലഭിക്കുമ്പോഴൊക്കെ തലസ്ഥാന നഗരം വെള്ളപ്പൊക്ക ഭീഷണിയിലാവുക പതിവാണ്. 2005–ൽ നഗരവികസനത്തിനായി ബഡ്ജറ്റിൽ അനുവദിച്ച 275

കോടി രൂപയിൽ 75 കോടി രൂപ ചെലവഴിച്ചുവെങ്കിലും കാര്യമായ പുരോഗതി ഉണ്ടായില്ല. പ്രതിവർഷം 35 കോടി രൂപ എന്ന നിലയ്ക്ക് 15 വർഷത്തേയ്ക്ക് 525 കോടി രൂപ ചെലവിൽ പുഞ്ച്‌ലോയ്ഡ് എന്ന കമ്പനി നടത്തുന്ന നഗര വികസനത്തിൽ തലസ്ഥാനത്തെ വെള്ളപ്പൊക്കക്കെടുതി പരിഹരിക്കുന്ന തിനുവേണ്ട യാതൊരു നിർദ്ദേശവു മില്ല. ജലാശയങ്ങളും നെൽപ്പാടങ്ങളും നികത്തുന്നതിനെതിരെ കർശന നടപടി സ്വീകരിക്കണം. ഓടകളുടെ അറ്റകുറ്റപ്പണി നടത്തി നീരൊഴുക്ക് തടസ്സമില്ലാത്തതാക്കണം. ആക്കുളം കായൽ തുടങ്ങിയ ജലാശയങ്ങളുടെ ആഴം കൂട്ടണം. വെള്ളപ്പൊക്ക നിയന്ത്രണ കേന്ദ്രങ്ങൾ സ്ഥാപിക്കണം. വെള്ളപ്പൊക്കക്കെടുതികൾ നേരിടാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ റ്റി. യു. കുരുവിള): വെള്ളപ്പൊക്ക ക്കെടുതി നേരിടുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി 222 ലക്ഷം രൂപ ചെലവഴിച്ച് കേരള റോഡ് ഫണ്ട് ബോർഡിനെക്കൊണ്ട് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന ബേക്കറി ജംഗ്ഷൻ മുതൽ തമ്പാനൂർ വരെയുള്ള തോട്ടിലെ ചെളി മാറ്റി വൃത്തിയാക്കുകയും നീരൊഴുക്ക് നിർബാധം തുടരുന്നതിനായി ചവറുകൾ മാറ്റി വശങ്ങളിൽ വേലി കെട്ടി നന്നാക്കുകയും ചെയ്തിട്ടുണ്ട്. പവർഹൗസ് റോഡിലുള്ള തോട് നന്നാക്കി ചെറിയൊരു പാലം നിർമ്മിച്ചിട്ടുണ്ട്. പഴവങ്ങാടി – തകരപ്പറമ്പ് തോടിന് വീതി കൂട്ടുകയും പുതിയൊരു പാലം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. തമ്പാനൂർ റെയിൽവേ സ്റ്റേഷനു സമീപത്തുള്ള തോട്ടിലെ തടസ്സങ്ങൾ റെയിൽവേ വകുപ്പിനെ ക്കൊണ്ട് നീക്കിയിട്ടുണ്ട്. കിള്ളിയാർ, കരമനയാർ, തുടങ്ങിയവ യിലെ വെള്ളപ്പൊക്കം തടയുന്നതിനും ഇവ മോടിപിടിപ്പിക്കുന്നതിനും 8.78 കോടി രൂപയുടെ ഒരു പദ്ധതി ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ നടന്നുവരുന്നു.

കൂടാതെ കേന്ദ്ര സർക്കാരിന്റെ പദ്ധതിയിൽപ്പെടുത്തി ഇവ വൃത്തിയായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഇറിഗേഷൻ വകുപ്പും തിരുവനന്തപുരം കോർപ്പറേഷനും കൂടിയാലോചിച്ച് സ്വീകരിക്കുന്നതാണ്.

(3) കൊച്ചി നഗരത്തിലെ ശുദ്ധജലക്ഷാമം

പ്രൊഫ. കെ.വി.തോമസ്: രൂക്ഷമായ കുടിവെള്ളക്ഷാമംമൂലം കൊച്ചി നഗരം ബുദ്ധിമുട്ടനുഭവിക്കുകയാണ്. 1995-ൽ തുടങ്ങിയ 53 കോടി രൂപയുടെ ഹഡ്കോ പദ്ധതിയുടെ 90 ശതമാനം മാത്രമാണ് ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ളത്. 10 എം.എൽ.ഡി. വെള്ളം ലഭിക്കേണ്ടിയിരുന്ന പദ്ധതിയാണിത്. ഇപ്പോഴും ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല. ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷണറിയുമായി ബന്ധപ്പെട്ട് 50 ശതമാനം കേന്ദ്ര വിഹിതത്തിൽ 300 കോടി രൂപയുടെ ഒരു പ്രോജക്ടിന് വാട്ടർ അതോറിറ്റി രൂപം നൽകിയിരുന്നു. ഈ പദ്ധതിയും മുന്നോട്ടു പോകുന്നില്ല. ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതിന് നടപടികൾ സ്വീകരിക്കണം. പശ്ചിമ കൊച്ചിയിലെ ശുദ്ധജലക്ഷാമം പരിഹരിക്കാനുള്ള നടപടികളുമുണ്ടാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): ഹഡ്കോ പദ്ധതി, ഡി.എഫ്.ഐ.ഡി. പദ്ധതി, ചൂണ്ടി പോലെയുള്ള പദ്ധതികൾ എന്നിവ പൂർത്തീകരിച്ചാൽ മാത്രമേ കൊച്ചി നഗരത്തിലെ കുടിവെള്ള വിതരണ പ്രശ്ന ത്തിന് ശാശ്വത പരിഹാരം കാണാൻ കഴിയുകയുള്ളൂ. ഹഡ്കോ പദ്ധതി പെട്ടെന്ന് പൂർത്തീകരിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു വരികയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മന്ത്രിതന്നെ നേരിട്ട് മൂന്ന് അവലോകന യോഗങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗവും വിളിച്ച് ചർച്ച ചെയ്യുകയുണ്ടായി.

ഹഡ്കോ പദ്ധതി പൂർത്തീകരിക്കുന്നതുവഴി ഏതാണ്ട് 35 ദശലക്ഷം ലിറ്റർ വെള്ളം പ്രതിദിനം കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിലുണ്ടായിരുന്ന ബോട്ടിൽനെക്ക് ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്. വർക്കുകൾ അവാർഡ് ചെയ്യുകയും ഫാക്ട്-ന്റെ നിയന്ത്രണത്തിൽ മുമ്പ് കൊടുത്തിരുന്ന വർക്ക് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2007 ജൂണിൽ ഈ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതു ടാപ്പുകളിലൂടെ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിലെ മാലിന്യം തടയാനായി സത്വര നടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പത്തിക ലഭ്യത അനുസരിച്ച് പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലിനജലം കലരാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ പഴകിയ വിതരണ ശൃംഖല മാറ്റി സ്ഥാപിക്കാൻ പ്രത്യേക പരിഗണന നൽകുന്നുണ്ട്. അതനുസരിച്ച് ഏതാണ്ട് 1100 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതിന് എത്രയും പെട്ടെന്ന് അനുമതി ലഭ്യമാക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

### (4) അന്ധകാരനഴിമുതൽ ചാപ്പക്കടവ് വരെ മാതൃകാ മത്സ്യത്തൊഴിലാളി ഗ്രാമമായി പ്രഖ്യാപിക്കൽ

ശ്രീ. എ. എം. ആരിഫ് : അന്ധകാരനഴി മുതൽ ചാപ്പക്കടവ് വരെയുള്ള പ്രദേശം മത്സ്യത്തൊഴിലാളി ഗ്രാമമായി അംഗീകരിക്കണം. മത്സ്യബന്ധനത്തിനും സംസ്ക്കരണത്തിനും കയറ്റുമതിക്കും വളരെയേറെ പ്രാമുഖ്യമുള്ള അരൂർ വിദേശനാണ്യവും കോടിക്കണക്കിന് രൂപയുടെ നിക്ഷേപവും

രാജ്യത്തിന് സംഭാവന ചെയ്യുന്ന പ്രദേശമാണ്. സീഫുഡ് എക്സ്പോർട്ട് സോൺ, മികവിന്റെ പട്ടണം എന്നീ നിലകളിൽ കേന്ദ്ര വാണിജ്യ മന്ത്രാലയം സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചിട്ടുള്ള ഈ പ്രദേശത്തെ മത്സ്യ ത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അന്ധകാരനഴി മുതൽ ചാപ്പക്കടവ് വരെയുള്ള പ്രദേശം മത്സ്യത്തൊഴിലാളി ഗ്രാമമായി പ്രഖ്യാപിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): മത്സ്യ–സംസ്ക്കരണ–കയറ്റുമതി രംഗത്ത് ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയ മണ്ഡ ലമാണ് അരൂർ. കുത്തിയതോട് ഗ്രാമ പഞ്ചായത്തിൽപ്പെട്ട ചാപ്പക്കടവ് മുതൽ അന്ധകാരനഴി വരെയുള്ള അഞ്ച് ഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി കുടുംബ ങ്ങളുടെ ഭൗതിക സൗകര്യങ്ങൾ പരിമിതവും അവരുടെ സാമൂഹ്യവും സാമ്പത്തികവുമായ നിലവാരം പരിതാപകരവുമാണ്. പീലിംഗ് ഷെഡ്ഡിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങളുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ട്. കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ പിന്നോക്കാവസ്ഥ മാറ്റിയെടു ക്കുന്നതിന് വീട് വൈദ്യുതീകരണം, കുടിവെള്ളം, സാനിട്ടേഷൻ, ഗതാഗതം, വാർത്താവിനിമയ സൗകര്യങ്ങൾ, വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യത കൾ, ലാൻഡിംഗ് സെന്ററുകൾ, പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങിയ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനായി കോസ്റ്റൽ പുരകൾ സ്ഥാപിക്കണ മെന്ന് ഇന്ത്യൻ പ്രസിഡന്റ് ഡോ. എ.പി.ജെ.അബ്ദുൾ കലാം അസംബ്ളിയിൽ നടത്തിയ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതകൂടി പരിഗ ണിച്ച് അരൂർ മേഖലയിൽ ഒരു മാതൃകാ മത്സ്യത്തൊഴിലാളി ഗ്രാമം സ്ഥാപി ക്കുന്നതിനുള്ള സാദ്ധ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

(5) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിലെ ലയങ്ങൾ വൈദ്യുതീകരിക്കൽ

ശ്രീ. കെ. ബി. ഗണേഷ് കുമാർ: പത്തനാപുരം നിയോജകമണ്ഡലത്തിലെ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ ചെരുപ്പിട്ടകാവ് എസ്റ്റേറ്റിലെ കോട്ടക്കയം, അമ്പനാർ, മുള്ളുമല, ശിവസാനു, സഹ്യസീമ എന്നീ ഡിവിഷനുകളിലെ ലയങ്ങളിൽ താമസിക്കുന്ന എണ്ണൂറോളം സ്ഥിരം തൊഴിലാളികൾക്കും മുന്നൂറോളം കാഷ്വൽ തൊഴിലാളികൾക്കും കുമരംകുടി ഡിവിഷനിലെ മുന്നൂറ്റിഅൻപതോളം തൊഴിലാളികൾക്കും വൈദ്യുതി ലഭ്യമല്ല. അവിടെ വൈദ്യുതി എത്തിക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രമം നടത്തിയിരുന്നു. ഈ പ്രദേശങ്ങൾ വനമേഖലയിലൂടെയാണ് കടന്നു പോകുന്നത് എന്നതിനാൽ അവിടെ ആവശ്യമായ വൈദ്യുതി ലൈൻ എത്തിയാൽ ഉടൻ വൈദ്യുതി കണക്ഷൻ നൽകാം എന്ന് ഈ കമ്പനിയുടെ എം.ഡി. അന്നത്തെ ലേബർ കമ്മീഷണർക്ക് ഉറപ്പ് നൽകിയിരുന്നു. അന്നത്തെ മുഖ്യമന്ത്രി പ്രത്യേക താല്പര്യമെടുത്ത് കേന്ദ്രാനുമതി വാങ്ങി എം.എൽ.എ. ഫണ്ട് ചെലവഴിച്ച് വനമേഖലയിലൂടെ ഏതാണ്ട് 13 കി.മീ. ദൂരം വൈദ്യുതി എത്തിച്ചിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റ് ഇല്ലാത്തത് കാരണം രാവിലെ 6 മണിക്ക് റബ്ബർ ടാപ്പിംഗിന് പോകുന്ന തൊഴിലാളികൾ വളരെയേറെ ബുദ്ധിമുട്ടുന്നു. അവരുടെ കുട്ടികൾ റാന്തൽ വെളിച്ചത്തിലാണ് പഠിക്കുന്നത്. വൈദ്യുതി ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): പ്രസ്തുത പ്രദേശത്തെ 11 കെ.വി. ലൈനിന്റെ പണി പൂർത്തിയായിട്ടുണ്ട്. തൊളിലാളികളുടെ ലയങ്ങൾ എസ്റ്റേറ്റുകളുടെ പല ഭാഗത്തായി കേന്ദ്രീകരിച്ചിരിക്കുന്നതിനാൽ അവിടങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് ഉദ്ദേശം 8 കി.മി. ദൂരം ലോ ടെൻഷൻ ലൈൻ വലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

ആരംഭിച്ചിട്ടുണ്ട്. ഇതിന് മാത്രം കോർപ്പറേഷന് 65 ലക്ഷം രൂപ ചെലവ് വരും. കുമരംകുടി എസ്റ്റേറ്റിൽ വൈദ്യുതി എത്തിക്കുന്നതിന് 4 കി.മി. ദൂരം ഹൈ ടെൻഷൻ ലൈൻ വനത്തിനുള്ളിലൂടെ വലിക്കുന്നതിന് വനം വകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമാണ്. കൂടാതെ ഏകദേശം 5 കി.മി. ദൂരം ലോ ടെൻഷൻ ലൈൻ വലിക്കേണ്ടതുണ്ട്. ഇതിനുമാത്രം ഏകദേശം 60 ലക്ഷം രൂപ ചെലവാകും. കോർപ്പറേഷന് അടുത്ത വർഷം മുതൽ എസ്റ്റേറ്റുകൾ റീപ്ളാന്റ് ചെയ്യുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കേണ്ട സ്ഥിതിയാണുള്ളത്. ഈ സാഹചര്യത്തിൽ കുമരംകുടി എസ്റ്റേറ്റിലെ ഇലക്ട്രിഫിക്കേഷൻ വനം വകുപ്പിന്റെ അനുമതി കിട്ടിയാൽ ഘട്ടംഘട്ടമായി പൂർത്തീകരിക്കുന്നതാണ്. മുള്ളുമല, ചെരുപ്പിട്ടകാവ്, സഹ്യസീമ, ശിവസാനു, അമ്പനാർ എന്നിവിടങ്ങളിലെ ഇലക്ട്രിഫിക്കേഷനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(6) <u>ചാലിയാർ നദീതീരം ഇടിയുന്നതുമൂലമുള്ള പ്രശ്നങ്ങൾ</u>

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u>: ഊട്ടിയിലെ നീലഗിരിയിൽനിന്നും ഉത്ഭവിച്ച് അറബിക്കടലിൽ പതിക്കുന്ന ചാലിയാർ നദി കോഴിക്കോട്, മലപ്പുറം ജില്ലകളിലുള്ള ജനങ്ങളുടെ ആശാകേന്ദ്രമാണ്. കോഴിക്കോട് കോർപ്പറേഷന്റെയും ചീക്കോട് കുടിവെള്ള പദ്ധതി തുടങ്ങി ഒട്ടനവധി കുടിവെള്ള പദ്ധതികളുടെയും മുഖ്യ സ്രോതസ്സാണ് ചാലിയാർ. പല കാരണങ്ങളാൽ ഇത് നശിച്ചുകൊണ്ടിരിക്കുകയാണ്. കൊണ്ടോട്ടി മണ്ഡലത്തിലെ വാഴക്കാട് പഞ്ചായത്തിൽ കോഴിക്കോട് ജില്ലയുമായി ബന്ധിപ്പിക്കുന്ന റഗുലേറ്റർ-കം-ബ്രിഡ്ജ് വന്നതിനുശേഷം ശക്തമായ ഒഴുക്കിൽ ചാലിയാറിന്റെ ഇരു കരകളും ഇടിഞ്ഞ് നിരവധി അപകടങ്ങൾ ഉണ്ടാകുന്നു; വീടുകളും കൃഷിഭൂമികളും നടപ്പാതകളും നദിയോടടുത്തുകൊണ്ടിരിക്കുക

യാണ്. കവണക്കല്ല് റഗുലേറ്റർ–കം–ബ്രിഡ്ജിന്റെ മുകളിലും താഴെയുമുള്ള ഭാഗത്തെ കരകൾ കെട്ടി സംരക്ഷിക്കാൻ നടപടികളുണ്ടാകണം. കടവിൽ നിന്ന് ടൺ കണക്കിന് മണൽ വാരൽ ദിനംപ്രതി നടക്കുന്നു. റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ഒരു ഭാഗം ചെലവഴിച്ച് ഇതിന്റെ തീരം കെട്ടി സംരക്ഷിക്കണം. ഇവിടെ അപകടം നടന്നാൽ രക്ഷാ പ്രവർത്തനം നടത്തുന്നതിന് ലൈഫ് ബോട്ട് സംവിധാനം ഏർപ്പെടുത്തണം. ചാലിയാറിനെ രക്ഷിക്കാൻ ചാലിയാർ നദീതട അതോറിട്ടി രൂപീകരിക്കണം. നദിതീരത്തെ ജനങ്ങളെ രക്ഷിക്കാൻ റഗുലേറ്റർ ഭാഗത്ത് സംരക്ഷണ ഭിത്തി കെട്ടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ചാലിയാർ നദിയുടെ കരഭാഗം മലപ്പുറം–കോഴിക്കോട് ജില്ലകളിലായതുകൊണ്ട് മണൽ വാരുന്നതിനുള്ള നിയമം ഏകീകരിക്കണം. പുഴയുടെ ഇപ്പുറത്തും അപ്പുറത്തും രണ്ട് സമയത്ത് നിരോധനം ഏർപ്പെടുത്തുന്നതുകൊണ്ട് തൊഴിലാളികൾ തമ്മിൽ വലിയ പ്രശ്നം നിലനിൽക്കുകയാണ്; ഇത് പരിഹരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): മലപ്പുറം ജില്ലയിലെ വാഴക്കാട്, വാഴയൂർ പഞ്ചായത്തുകളിലെ ചാലിയാർ പുഴയുടെ ഇടതുകര ഇടിഞ്ഞുവീഴുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നദീതീരത്ത് ഇരുകരകളിലും സംരക്ഷണ ഭിത്തി നിർമ്മിച്ച് നദിയേയും തീരത്തേയും സംരക്ഷിക്കുന്നതിനായി 244.80 ലക്ഷം രൂപയ്ക്കുള്ള ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്. 2001–ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ടിലെ വ്യവസ്ഥയനുസരിച്ച് റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ഒരു പങ്ക് പുഴയുടെ സംരക്ഷണത്തിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്. ഇതിന്റെ നിയന്ത്രണം ബന്ധപ്പെട്ട ജില്ലാ കളക്ടർക്കാണ്. രണ്ട് ജില്ലകളുമായി

ബന്ധപ്പെട്ടുകിടക്കുന്ന നദി എന്നുള്ള നിലയിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് ബന്ധപ്പെട്ട കളക്ടർമാരുടെ പ്രവർത്തനം കോ-ഓർഡിനേറ്റ് ചെയ്യുന്നതാണ്. ഇത് റവന്യൂ വകുപ്പിന്റെ ചുമതലയിൽ വരുന്ന വിഷയമാണ്. കേരളത്തിലെ നദികളും തടാകങ്ങളും ജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഒരു ജല നയം ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ചാലിയാർ നദീതടം ഉൾപ്പെടെ സംസ്ഥാനത്തെ നദീതടങ്ങളുടെ സംരക്ഷണത്തിനായി സമിതികൾ രൂപീകരിക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അത് സംസ്ഥാന ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. സംസ്ഥാന ജല നയം ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി നടക്കുന്ന ചർച്ചകൾ, പഠനങ്ങൾ, ശിൽപശാലകൾ എന്നിവയിൽ ഈ വിഷയം ഉൾപ്പെടുന്നുണ്ട്. ജല വിഭവ മാനേജുമെന്റ് സംബന്ധിച്ച് സമഗ്രമായ ഒരു നയം രൂപീകരിക്കുന്നതിന് ഈ മാസം 29, 30 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് ഒരു ശിൽപ്പശാല നടത്തുന്നുണ്ട്.

(7) പന്നികൾ ചത്തൊടുങ്ങിയത് സംബന്ധിച്ച്

ശ്രീ. രാജാജി മാത്യു തോമസ്: കേരള കാർഷിക സർവ്വകലാശാലയുടെ മണ്ണുത്തി വെറ്ററിനറി കോളേജിന്റെ നിയന്ത്രണത്തിലുള്ള പന്നി വളർത്തൽ ഫാമിൽ കഴിഞ്ഞ ഒരാഴ്ചയ്ക്കുള്ളിൽ നൂറോളം പന്നികൾ കൂട്ടത്തോടെ ചത്തൊടുങ്ങി. ആശങ്കാജനകമായ ഈ സ്ഥിതിവിശേഷത്തിന്റെ കാരണം അറിവായിട്ടില്ല. ഗോ രക്ഷാ പദ്ധതിയിൽപ്പെട്ട കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് നടത്തിയതിനെത്തുടർന്ന് തീറ്റയെടുക്കാതെ രോഗം ബാധിച്ചാണ് മൃഗങ്ങൾ ചത്തതെന്നാണ് ഫാം അധികൃതരിൽ ചിലർ പറയുന്നത്. എന്നാൽ ചത്തൊടുങ്ങിയ മൃഗങ്ങളിൽ ഈ കുത്തിവയ്പ്

നടത്താത്തവയും ഉൾപ്പെടുന്നുണ്ട്. ഇതേ കാലയളവിൽ അങ്കമാലിയിൽ രോഗം ബാധിച്ച് ചത്ത ഏതാനും പന്നികളിൽ എലിപ്പനി കണ്ടതായും സൂചനയുണ്ട്. ഇതേപ്പറ്റിയുള്ള മാധ്യമ വാർത്തകൾ ജനങ്ങളിൽ ആശങ്ക വളർത്തിയിട്ടുണ്ട്. ഒട്ടനവധി കർഷകരുടെ സാമ്പത്തിക നിലനിൽപിനാധാരമായ ഒന്നാണ് പന്നി വളർത്തൽ. ഈ മേഖല സംരക്ഷിക്കപ്പെടണം. പന്നി മാംസവും ഉപോൽപ്പന്നങ്ങളും ഉൾപ്പെട്ട വിപണിയിലെ ആശങ്ക അകറ്റാനും വിപണിയിലെ തകർച്ച തടയാനും മൃഗങ്ങളുടെ സംരക്ഷണത്തിനും ഈ സംഭവങ്ങളെപ്പറ്റി ശാസ്ത്രീയമായ അന്വേഷണം നടത്തി യഥാർത്ഥ വസ്തുതകൾ പുറത്തുകൊണ്ടുവരണം. ആവശ്യമായ പ്രതിരോധ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുന്നതിന് ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): മണ്ണുത്തി വെറ്ററിനറി കോളേജിനോടനുബന്ധിച്ചുള്ള പന്നി ഫാമും എ.ഐ.സി.ആർ.പി. പന്നി പദ്ധതിയും ഓരോ യൂണിറ്റിലാണ് പ്രവർത്തിക്കുന്നത്. 21–8–2006–ൽ പന്നികൾക്ക് പ്രതിരോധ കുത്തിവയ്പ് നടത്തിയശേഷം 94 പന്നികളാണ് മരിച്ചത്. ഇതിൽ പ്രതിരോധ കുത്തിവയ്പ് നടത്താത്ത 10 പന്നികളും ഉൾപ്പെടുന്നു. പന്നികളുടെ കൂട്ടമരണം സംബന്ധിച്ച അന്വേഷണം നടത്തുന്നതിന് ഒരു അഞ്ചംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് 25–9–2006–ന് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടുതൽ ലബോറട്ടറി പരീക്ഷണങ്ങൾക്കുശേഷമേ മരണകാരണം സ്ഥിരീകരിക്കാനാകൂ. അതിനായി രോഗം ബാധിച്ച പന്നികളുടെ സിറം മദ്രാസ് വെറ്ററിനറി കോളേജിലേയ്ക്ക് പരിശോധനയ്ക്കായി അയച്ചുകൊടുത്തിട്ടുണ്ട്.

(8) <u>ചിമ്മിനി ഡാമിലെ വെള്ളത്തിന്റെ ഉപയോഗം</u>

<u>പ്രൊഫ.സി. രവീന്ദ്രനാഥ്:</u> തൃശ്ശൂർ ജില്ലയിലെ ഏറ്റവും വലിയ ഡാമാണ് ചിമ്മിനി ഡാം. ധാരാളം മഴ പെയ്യുന്നുണ്ടെങ്കിലും മഴക്കാലം കഴിഞ്ഞ് മൂന്ന് നാല് മാസം കഴിഞ്ഞാൽ രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ടാകും. അതിനുകാരണം ജല സംരക്ഷണത്തിന്റെ അപര്യാപ്തതയും വാട്ടർ മാനേജുമെന്റ് പ്ലാൻ പൂർണ്ണമായും ഇല്ലാത്തതുമാണ്. ചിമ്മിനി ഡാമിൽ ശേഖരിക്കാവുന്ന വെള്ളം 175 മില്യൺ മീറ്റർ ക്യൂബാണ്. എല്ലാ വർഷവും ഇവിടെ സംഭരിക്കുന്ന വെള്ളം 150 മില്യൺ മീറ്റർ ക്യൂബാണ്. അതിൽനിന്ന് എല്ലാ വർഷവും ശരാശരി ഉപയോഗിക്കുന്ന വെള്ളം 100 മില്യൺ മീറ്റർ ക്യൂബ് മാത്രമാണ്. എല്ലാ വർഷവും ചിമ്മിനി ഡാമിൽ 50 മില്യൺ മീറ്റർ ക്യൂബ് വെള്ളം ഉപയോഗപ്പെടാതെ കിടക്കുന്നുണ്ട്. തൃശ്ശൂരിൽത്തന്നെയുള്ള മറ്റൊരു ഡാമാണ് പീച്ചി. അതിന്റെ കപ്പാസിറ്റി ഏകദേശം 50 മില്യൺ മീറ്റർ ക്യൂബാണ്. അതിൽനിന്നുള്ള വെള്ളം വരുന്ന കുറുമാലിപ്പുഴയിൽ 5 താൽകാലിക ബണ്ടുകളുണ്ട്. ഓരോ താൽക്കാലിക ബണ്ടിനും വർഷം തോറും ഏതാണ്ട് 1000 മീറ്റർ ക്യൂബ് മണ്ണ് എന്ന തോതിൽ 5000 മീറ്റർ ക്യൂബ് മണ്ണ് പുഴയിൽ നിക്ഷേപിക്കുകയാണ്. മഴ വരുമ്പോൾ ഈ 5000 മീറ്റർ ക്യൂബ് മണ്ണും കടലിൽ ഒലിച്ച് പോവുകയാണ്. കൊടകര, ഇരിങ്ങാലക്കുട, ചേർപ്പ്, മണലൂർ, ചാവക്കാട് എന്നീ പ്രദേശങ്ങളിലേയ്ക്ക് ജലസേചനത്തിനും കോൾകൃഷിക്കും വേണ്ടിയാണ് ചിമ്മിനി ഡാമിലെ വെള്ളം ഉപയോഗിക്കുന്നത്. താൽക്കാലിക ബണ്ടുകൾ മഴ പെയ്യുമ്പോൾ പെട്ടെന്ന് പൊട്ടാനും കോൾ കൃഷി നശിക്കാനുമുള്ള സാധ്യത നിലനിൽക്കുന്നതിനാൽ വെള്ളം കൂടുതൽ ഉപയോഗിക്കാനുള്ള വാട്ടർ മാനേജുമെന്റ് പ്ലാൻ ഉണ്ടാക്കണം. നെല്ലായി ഇറിഗേഷൻ കടവിൽ ഒരു റെഗുലേറ്റർ സ്ഥാപിച്ച്

ഇപ്പോഴുള്ള അഞ്ച് ബണ്ടുകളും സ്ഥിരം ബണ്ടുകളാക്കി മാറ്റി ഈ മണ്ഡലങ്ങളിലേയ്ക്ക് കൂടുതൽ വെള്ളം ലിഫ്റ്റ് ചെയ്യത്തക്കരീതിയിൽ ഒരു പ്ലാൻ ഉണ്ടാക്കിക്കഴിഞ്ഞാൽ ഈ 150 മില്യൻ മീറ്റർ ക്യൂബ് വെള്ളവും ചിമ്മിനി ഡാമിൽത്തന്നെ ഉപയോഗിച്ച് കൊടകരയിലെയും ഇരിങ്ങാലക്കുട യിലെയും മറ്റു മണ്ഡലങ്ങളിലെയും കുടിവെള്ള ക്ഷാമവും ജലസേചന പ്രശ്നവും പരിഹരിക്കാൻ സാധിക്കും.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ഡാമുകളിലും നദികളിലുമുള്ള ജലത്തിന്റെ വിനിയോഗത്തെ സംബന്ധിച്ച് സമഗ്രമായ ഒരു ആക്ഷൻ പ്ലാൻ സർക്കാരിന്റെ ആലോചനയിലാണ്. ചിമ്മിനി ഡാം പൂർണ്ണമായും ഉപയോഗപ്രദമാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റ് ഗൗരവപൂർവ്വം പരിഗണിക്കുന്നതാണ്. ചിമ്മനി ഡാം പദ്ധതി പ്രകാരം 2500 കിലോ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള നിർദ്ദേശം വൈദ്യുതി ബോർഡിനു മുമ്പിലുണ്ട്. വരന്തരപ്പിള്ളി, അളഗപ്പാനഗർ, മറ്റത്തൂർ, പുതുക്കാട്ട്, പറപ്പൂക്കര, നെന്മേനിക്കര എന്നീ ഗ്രാമങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ ഈ പദ്ധതിയിലൂടെ കഴിയുന്നതാണ്. ചിമ്മിനി ഡാമിന് താഴെയായി അറ്റപ്പള്ളിയിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനു ഭരണാനുമതി നൽകിയിട്ടുണ്ട്. ചിമ്മിനി ഡാമിന് താഴെ കുറുമാലിപ്പുഴയ്ക്ക് കുറുകെയായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജ് കൊണ്ട് മറ്റത്തൂർ, വരന്തരപ്പിള്ളി, ചെങ്ങല്ലൂർ, മുപ്ലി തുടങ്ങിയ ഗ്രാമങ്ങളിൽ ജലസേചന സൗകര്യമെത്തിക്കാൻ കഴിയുന്നതാണ്. ചിമ്മിനി ഡാമിലെ ജലം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന തോട്ടുമുഖം എൽ.ഐ. സ്കീമിന്റെ പണികൾ പുരോഗമിച്ചുവരുന്നു. മേൽപ്പറഞ്ഞ പദ്ധതികളുടെ പണികൾ പൂർത്തീകരിക്കുന്നതിലൂടെ ചിമ്മിനി റിസർവോയറിലെ ജലം

പൂർണ്ണമായും ഉപയോഗപ്പെടുത്തുവാനും സമീപ പ്രദേശങ്ങളിലെ ജലക്ഷാമവും കുടിവെള്ളക്ഷാമവും പരിഹരിക്കാനും കഴിയും.

(9) പമ്പാ കർമ്മ പദ്ധതി

ശ്രീ. കെ. ശിവദാസൻ നായർ: 15–6–2001–ൽ ദേശീയ നദി സംരക്ഷണ പദ്ധതിയിൽ പമ്പാ നദിയെ ഉൾപ്പെടുത്തി ആദ്യ ഘട്ടമായി 3–5–2003–ൽ 18.45 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയുണ്ടായി. പ്രധാനമായി പമ്പാ നദിയിലെ മാലിന്യനിർമ്മാർജ്ജനമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഇതിന്റെ ചെലവിന്റെ 70 ശതമാനം തുക കേന്ദ്ര ഗവൺമെന്റും ബാക്കി സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും കൂടിയാണ് കണ്ടെത്തേണ്ടത്. 2003 നവംബർ മാസത്തിൽ കേരള വാട്ടർ അതോറിറ്റിയെ നോഡൽ ഏജൻസിയായി അംഗീകരിക്കുകയുണ്ടായി. 15–12–04–ൽ ക്യാബിനറ്റ് പമ്പാ റിവർ ഡെവലപ്മെന്റ് അതോറിറ്റിക്ക് രൂപം നൽകി. ഇതിന് ക്യാബിനറ്റ് തീരുമാനമുണ്ടായെങ്കിൽപ്പോലും ഇതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആദ്യഘട്ട തുകയായ 18.45 കോടി രൂപയിൽ കേന്ദ്ര വിഹിതമായ 12.92 കോടി രൂപ അനുവദിച്ചു. ഇതിന്റെ ഭാഗമായി 12 പ്രവൃത്തികളാണ് ചെയ്യേണ്ടത്. നടന്ന പ്രവൃത്തികളുടെ കണക്കുകൾ ഇതുവരെയും എൻ.ആർ.സി.ഡി.ക്ക് നൽകിയിട്ടില്ല എന്നാണ് അറിയുന്നത്. ഇതുമൂലം അടുത്ത ഘട്ടം തുക എൻ.ആർ.സി.ഡി.ക്കു ഇതുവരേയും അനുവദിച്ചിട്ടുമില്ല. കേരളത്തിൽ ആദ്യമായി പമ്പാ ആക്ഷൻ പ്ലാനിലാണ് ഇതുപോലുള്ള ഒരു പദ്ധതി ഉണ്ടായത്. 318 കോടി രൂപ അടങ്കൽ വരുന്ന പമ്പാ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): 1997–ലെ കേരള നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റിയാണ് പമ്പാ ആക്ഷൻ പ്ലാൻ

നടപ്പാക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ മുമ്പിൽ ആദ്യമായി സമർപ്പിച്ചത്. 1998–ൽ എൽ.ഡി.എഫ്. സർക്കാർ ഇതുമായി ബന്ധപ്പെട്ട് സമഗ്രമായ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. 319.70 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന സമഗ്രമായ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 18.45 കോടി രൂപയുടെ ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭിച്ചതിൽ 75 ലക്ഷം രൂപ റിലീസ് ചെയ്തിട്ട് 66.68 ലക്ഷം രൂപ മാത്രമാണ് ഇതിനകം ചെലവഴിക്കാൻ കഴിഞ്ഞത്. ഇതിന്റെ പ്രധാന തടസ്സമായിരുന്നത് പാട്ടമടിസ്ഥാനത്തിൽ ദേവസ്വം ബോർഡ് കൈവശംവച്ചിരുന്ന വനഭൂമിയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് വനംവകുപ്പിൽനിന്ന് അനുമതി ലഭിക്കാത്തതാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതിന്റെ കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ ചെയർമാൻ വാട്ടർ റിസോഴ്സസ് മിനിസ്റ്റർ എന്നുള്ള നിലയിൽ ഒരു കോ–ഓർഡിനേഷൻ കമ്മിറ്റി യോഗം വിളിച്ചു ചേർത്ത് ഇതിന്റെ സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചു. ഈ നിയമസഭാ സമ്മേളന കാലയളവിൽത്തന്നെ പമ്പാ ആക്ഷൻ പ്ളാനിന്റെ മറ്റു ഘട്ടങ്ങൾ പൂർത്തീകരിക്കുന്നതുസംബന്ധിച്ച് ആലോചിക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട നിയമസഭാ പ്രതിനിധികളും ഉന്നത ഉദ്യോഗസ്ഥരും വിവിധ വകുപ്പുതലവന്മാരും ഉൾക്കൊള്ളുന്ന ഒരു ഹൈ ലെവൽ കമ്മിറ്റി വിളിച്ചുചേർക്കുന്നതാണ്. റിവർ ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പമ്പാ ആക്ഷൻ പ്ളാൻ പ്രാവർത്തികമാക്കുന്നതിന് ഗവൺമെന്റ് പ്രയോറിറ്റി നൽകുന്ന താണ്. ശബരിമല മാസ്റ്റർ പ്ളാനും പമ്പാ ആക്ഷൻ പ്ളാനും ഒന്നാണെന്നുള്ള നിലവിലുള്ള തർക്കം പരിഹരിക്കുന്നതിനുവേണ്ടി അടിയന്തിരമായി യോഗം വിളിച്ചു ചേർക്കുന്നതാണ്.

(10) <u>കൊക്കകോള, പെപ്സി നിരോധനം</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: അനുവദനീയമായ അളവിനേക്കാൾ പെസ്റ്റിസൈഡ്സിന്റെ അംശം കൊക്കകോള പാനീയങ്ങളിലുണ്ടെന്ന സി.എസ്.ഇ. യുടെ കണ്ടെത്തലിനെത്തുടർന്ന് കൊക്കകോള നിരോധിക്കുന്ന തിനുവേണ്ടി കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ ലീഗൽ റിക്വയർമെന്റ് പാലിക്കാതെ കോള കംപനിക്ക് സഹായകരമായ നിലപാട് സ്വീകരിച്ച സർക്കാർ ഉത്തരവ് ഹൈക്കോടതി റദ്ദു ചെയ്യുകയുണ്ടായി. ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): കേരളത്തിലെ ഏറ്റവും പ്രാധാന്യമുള്ള ഒരു സാമൂഹ്യപ്രശ്നമാണ് കൊക്കകോള, പെപ്സി നിരോധനം. 3–8–2006–ൽ സി.എസ്.ഇ. കൊക്കകോള, പെപ്സി ഉല്പന്ന ങ്ങളിൽ നടത്തിയ പരിശോധനാ റിപ്പോർട്ടിൽ ശീതളപാനീയങ്ങളിൽ അടങ്ങി യിരിക്കുന്ന കീടനാശിനിയുടെ അളവ് ഇന്റർനാഷണൽ സ്റ്റാന്റേർഡിനേക്കാൾ 20 ഇരട്ടിയാണെന്ന് കണ്ടെത്തുകയുണ്ടായി. കേന്ദ്ര ആരോഗ്യവകുപ്പിന്റെ ആവശ്യപ്രകാരം 5–8–2006–ന് കേരളത്തിലെ ലബോറട്ടറികളിൽ കൊക്കകോള, പെപ്സി ശീതളപാനീയങ്ങൾ പരിശോധിക്കുകയും കൊക്കകോളയിൽ കീടനാശിനിയുടെ അളവ് ഇന്റർനാഷണൽ സ്റ്റാന്റേർഡിനേക്കാൾ 70 ഇരട്ടിയും പെപ്സിയിൽ 20 ഇരട്ടിയുമാണെന്ന് കണ്ടെത്തുകയും ചെയ്തു. ഇതിനെത്തുടർന്ന് 9–8–2006–ൽ കൂടിയ മന്ത്രിസഭാ യോഗത്തിൽ സംസ്ഥാന സർക്കാർ ഇവയുടെ ഉൽപ്പാദനവും വിതരണവും നിരോധിക്കാൻ തീരുമാനിക്കുകയും ആരോഗ്യ വകുപ്പ് ഡയറക്ടറെ ഇതിനായി ചുമതലപ്പെടുത്തുകയും ചെയ്തു. 1954–ലെ പി.എഫ്.എ. ആക്ട് സെക്ഷൻ 7

അനുസരിച്ച് സംസ്ഥാന സർക്കാർ തികച്ചും നിയമപരമായ നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്. ആക്ടിലെ സെക്ഷൻ 24 പ്രകാരം റൂൾസ് ഉണ്ടാക്കിയിട്ടില്ലെങ്കിൽപ്പോലും നിയമപരമായും ഭരണഘടനാപരമായും സംസ്ഥാന സർക്കാരിന് അധികാരമുണ്ടെന്നാണ് ഭരണഘടനയുടെ ആർട്ടിക്കിൾ 161–ൽ പറയുന്നത്. 11–8–2006–ൽ പെപ്സിയുടേയും കൊക്കകോളയുടേയും ഉൽപാദനവും വിതരണവും നിരോധിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് കേരള ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ട തിനെത്തുടർന്ന് ഈ ഉത്തരവ് റദ്ദാക്കി. ഈ നടപടി വളരെ ഗൗരവമുള്ളതായി സർക്കാർ മനസ്സിലാക്കുന്നു. ഇതിനെതിരായി സുപ്രീംകോടതിയിൽ അപ്പീൽ നൽകാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്.

(11) <u>മുള്ളംകൊല്ലി പഞ്ചായത്തിൽ പുലിയുടെ ആക്രമണം</u>

<u>ശ്രീ.പി.കൃഷ്ണപ്രസാദ്:</u> മുള്ളംകൊല്ലി പഞ്ചായത്തിൽ പുത്തൻകണ്ട ത്തിൽ ശശി എന്ന കർഷകനെ കൃഷിസ്ഥലത്ത് വിശ്രമിക്കുന്നതിനിടയിൽ പുലി പിന്നിൽനിന്ന് ആക്രമിച്ചതിന്റെ ഫലമായി തലയ്ക്കും കാലിനും പരിക്കുപറ്റി സുൽത്താൻ ബത്തേരി ആശുപത്രിയിൽ ചികിത്സയിലാണ്. കൂടാതെ ചെറിയാംപറമ്പിൽ അപ്പച്ചന്റെ ജീവിത വരുമാന മാർഗ്ഗമായ 4 ആടുകളെ കൂടിനുള്ളിൽ വച്ച് പുലി കടിച്ചുകൊന്ന സംഭവവും ഉണ്ടായിട്ടുണ്ട്. അടിയന്തിരമായി സർക്കാർ ഇടപെട്ട് പരിക്കുപറ്റിയ കർഷകന്റെ ചികിത്സയ്ക്കാവശ്യമായ ധനസഹായം നൽകുന്നതോടൊപ്പം ആടുമാടുകൾ നഷ്ടപ്പെടുന്ന കർഷകർക്ക് അടിയന്തിരമായി നഷ്ടപരിഹാരം നൽകാനും നടപടി സ്വീകരിക്കണം. ഇത്രയും രൂക്ഷമായ man-animal conflict ഉണ്ടാകുന്ന പ്രദേശങ്ങളിലെങ്കിലും കിടങ്ങ് കുഴിക്കാനും കുറഞ്ഞത് മൂന്ന്

മീറ്ററെങ്കിലും ഉയരമുള്ള കമ്പിവേലി കൂടി അനുവദിക്കുന്നതിനുമുള്ള പ്രത്യേകം പ്രൊപ്പോസൽ തയ്യാറാക്കാനും കഴിയുമോ എന്ന് പരിശോധിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ( ശ്രീ. ബിനോയ് വിശ്വം): പുലിയുടെ ആക്രമണത്തിൽ പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്ന മുള്ളംകൊല്ലി പുത്തൻകണ്ടത്തിൽ ശശിയുടെ ചികിത്സയ്ക്ക് സാദ്ധ്യമായ സഹായങ്ങൾ എത്തിക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. അപ്പച്ചൻ എന്ന കർഷകന്റെ 4 ആടുകൾ കൊല്ലപ്പെട്ട സംഭവത്തിൽ എത്രയുംവേഗം നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്. എങ്കിലും ഇക്കാര്യത്തിൽ സർക്കാരിന് ധാരാളം പരിമിതികളുണ്ട്. സംസ്ഥാന സർക്കാരിന്റെ വിഹിതത്തോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ചില പ്രദേശങ്ങളിൽ ആളുകൾ പുലിയെ ആക്രമിച്ച സംഭവവും ഉണ്ടായിട്ടുണ്ട്. ദേശീയ ജോബ് ഗ്യാരന്റി സ്കീമിന്റെ ഭാഗമായി വയനാട് ജില്ലയിൽ ഫെൻസിംഗിനായി ഒരു പദ്ധതി ആലോചിച്ചുവരുന്നു. വയനാട് ജില്ല മുഴുവൻ കവർ ചെയ്യുന്ന ഒരു കിടങ്ങിന്റെ പണി ആരംഭിച്ചുകഴിഞ്ഞു.

**റിപ്പോർട്ട് സമർപ്പണം**

ഹർജികൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ക്രമപ്രശ്നം**

<u>നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ നയപരമായ കാര്യങ്ങൾ സഭയ്ക്കുപുറത്ത് പ്രഖ്യാപിക്കുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. കെ. ബാബു:</u> നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ നയപരമായ കാര്യങ്ങൾ സഭയ്ക്കുപുറത്ത് പ്രഖ്യാപിക്കാൻ പാടില്ലെന്ന് സഭയിൽ പല പ്രാവശ്യം ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടായിട്ടുള്ളതാണ്. ഏത് കാര്യവും ആദ്യം അറിയാനുള്ള അവകാശം നിയമസഭയ്ക്കാണ്; കീഴ്‌വഴക്കവും അതാണ്. എന്നാൽ V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ ഇന്നു നടക്കുന്ന ചർച്ചയിൽ സഭയിൽ പ്രഖ്യാപിക്കാനുള്ള അവസരം ഉണ്ടായിരിക്കെ ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ പാലക്കാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ നയപരമായ നിരവധി കാര്യങ്ങൾ പ്രഖ്യാപിക്കുകയുണ്ടായി. ഇത് ആവർത്തിക്കാൻ പാടില്ല; റൂളിംഗ് വേണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): ബഡ്ജറ്റ് പ്രസംഗത്തിലെ 161-ാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ മാത്രമാണ് അവിടെ പറഞ്ഞിട്ടുള്ളത്. അതിൽ യാതൊരു അപാകതയുമില്ല.

<u>മി. സ്പീക്കർ</u>: ക്രമപ്രശ്നം ഉദിക്കുന്നില്ല.

**ധനകാര്യം**

<u>2006-2007 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ V – കാർഷികാദായ നികുതിയും വിൽപ്പന നികുതിയും (36,57,20,000 രൂപ)

ധനാഭ്യർത്ഥന നമ്പർ VI – ഭൂ നികുതി ( 99,32,49,000 രൂപ)

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XI – ജില്ലാഭരണവും പലവകയും (75,42,05,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXVI– പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് (85,22,50,000 രൂപ)

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V–ാം നമ്പർ ധനാഭ്യർത്ഥനയേയും ഭൂനികുതി എന്ന VI–ാം നമ്പർ ധനാഭ്യർത്ഥനയേയും ജില്ലാഭരണവും പലവകയും എന്ന XI–ാം നമ്പർ ധനാഭ്യർത്ഥനയേയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന XXVI–ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന പ്രസ്താവനകൾ ചട്ടം 236 (3) അനുസരിച്ച് മേശപ്പുറത്തു വയ്ക്കുന്നു.

സർവ്വശ്രീ സി.പി. മുഹമ്മദ്, കെ.ബാബു, എം. മുരളി, അടൂർ പ്രകാശ്, ജി. കാർത്തികേയൻ, തേറമ്പിൽ രാമകൃഷ്ണൻ, എ.പി. അനിൽകുമാർ,

ആര്യാടൻ മുഹമ്മദ്, കെ.സി. വേണുഗോപാൽ, വി.ഡി. സതീശൻ, കെ.സി. ജോസഫ്, തോമസ് ചാണ്ടി, കെ.കെ. ഷാജു, സി.ടി. അഹമ്മദ് അലി, എം.ഉമ്മർ, ജോർജ് മേഴ്സിയർ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. എം. മുരളി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ വ്യാപാരികളും കൺസ്യൂമേഴ്സും 'വാറ്റി'നോട് പൊരുത്തപ്പെട്ടു വരുന്ന ഈ സന്ദർഭത്തിൽ പുതുക്കിയ നികുതി നിയമങ്ങൾ വിപണിയെ അലങ്കോല പ്പെടുത്തിയിരിക്കുകയാണ്. ഇത് സാധാരണക്കാരെ പ്രതികൂലമായി ബാധിക്കുക മാത്രമല്ല ദേശീയ മുഖ്യധാരയിൽനിന്ന് നമ്മുടെ സംസ്ഥാനം ഒറ്റപ്പെടുന്ന സാഹചര്യം ഉണ്ടാക്കുകയും ചെയ്യും. കേബിൾ ടി.വി ക്കാർക്കുള്ള 5 ശതമാനം നികുതി ഉപേക്ഷിക്കണം. ഹാളുകൾക്കും വിവാഹ മണ്ഡപങ്ങൾക്കും ഏർപ്പെടുത്തിയ 15 ശതമാനം ടാക്സ് ഉടമകൾക്ക് അനുകൂലവും സാധാരണക്കാർക്ക് പ്രതികൂലവുമാണ്. റിലീജിയസ് ആന്റ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസിന്റെ ഹാളുകളുടെ കാര്യത്തിൽ 15 ശതമാനം നികുതി ഒഴിവാക്കിക്കൊടുക്കണം. ക്ലബ്ബുകളിലെ അംഗങ്ങൾക്ക് 100 രൂപ നികുതി ഏർപ്പെടുത്തുന്നത് ബാറുകൾ ഉള്ള ക്ലബ്ബുകൾക്ക് മാത്രമായി പരിമിതപ്പെടുത്തണം. സെയിൽസ് ടാക്സ് പിരിക്കുന്നതിന് ഈ ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. നികുതി കുടിശ്ശികകൾ പിരിച്ചെടു ക്കുവാൻ എഫ്ക്ടീവായ നടപടികൾ സ്വീകരിക്കണം. സംസ്ഥാനാതിർത്തി കളിൽനിന്നും നികുതി പിരിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളെ ഏല്പിച്ചാൽ അഴിമതിക്ക് കാരണമാകുമെന്നതിനാൽ സർക്കാർ മെഷിനറി ഉപയോഗിച്ച് എഫ്ക്ടീവായ നടപടികൾ സ്വീകരിക്കണം. പാചകവാതകത്തിന്

ഏർപ്പെടുത്തിയ നികുതിയിൽ 4 ശതമാനം കുറവ് വരുത്തിയത് ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കണം. മൊബൈൽ ഫോണിന് ഏർപ്പെടുത്തിയ ടാക്സ് വിഹിതം ലഭിക്കുന്നതിനുള്ള മാർഗ്ഗം കണ്ടെത്തണം. എൻട്രി ടാക്സ് ഈടാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ ചെക്ക് പോസ്റ്റുകൾ ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കണം. വൻകിട പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നുള്ള കുടിശ്ശികയും കോടിക്കണക്കിന് രൂപയുടെ പാട്ട കുടിശ്ശികയും പിരിച്ചെടുക്കുന്നതിന് റവന്യൂ വകുപ്പ് കർശനമായ നടപടി സ്വീകരിക്കണം. ബിൽഡിംഗ് ടാക്സ് കളക്ട് ചെയ്യുന്നതിലെ റവന്യൂ വകുപ്പിന്റെ അനാസ്ഥ അവസാനിപ്പിക്കണം. ഫൈനാൻസ് ബില്ലിലെ നികുതി നിർദ്ദേശങ്ങളെക്കുറിച്ച് പുന:പരിശോധന നടത്തണം.

<u>ശ്രീ.കെ.കുഞ്ഞിരാമൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇക്കഴിഞ്ഞ 4 മാസംകൊണ്ട് നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ സ്വാഗതാർഹമാണ്. കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾക്ക് മാറ്റം വരുത്തിക്കൊണ്ട് കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട അർഹതപ്പെട്ട വിഹിതം നേടിയെടുക്കുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കണം. സെയിൽസ് ടാക്സ്, ഇൻകം ടാക്സ്, വനം, എക്സൈസ് എന്നീ മേഖലകളിൽ നടക്കുന്ന അഴിമതി തടയണം. ചെക്ക് പോസ്റ്റുകളിൽ നടക്കുന്ന വെട്ടിപ്പ് തടയുന്നതിന് സ്കാനർ, വെയിംഗ് മെഷീൻ, കമ്പ്യൂട്ടറൈസേഷൻ എന്നിവ ഏർപ്പെടുത്താൻ തീരുമാനിച്ചത് ശ്ലാഘനീയമാണ്. അഴിമതിക്ക് കൂട്ടുനില്ക്കുന്ന ഉദ്യോഗസ്ഥരെ ശിക്ഷണ നടപടികൾക്ക് വിധേയമാക്കണം. നികുതിവെട്ടിപ്പ് തടയുന്നതിന് വിജിലൻസ് സ്ക്വാഡ് ശക്തിപ്പെടുത്തുകയും ജനകീയ പങ്കാളിത്തത്തോടുകൂടി നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

റെയിൽവേ വഴിയും അതിർത്തികളിലൂടെയും കാട്ടുപാതയിലൂടെയും നടക്കുന്ന വ്യാപകമായ കള്ളക്കടത്ത് തടയാനും നികുതി പിരിവ് ശക്തിപ്പെടുത്താനും ആധുനിക രീതിയിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം. കോടതി സ്റ്റേമൂലം പിരിഞ്ഞുകിട്ടാനുള്ള 800 കോടിയിൽപ്പരം രൂപ പിരിച്ചെടുക്കുന്നതിന് പ്രത്യേക ബഞ്ച് സ്ഥാപിക്കുവാൻ ഹൈക്കോടതി ചീഫ് ജസ്റ്റീസുമായി ആശയവിനിമയം നടത്തി തീരുമാനമെടുത്തത് ഈ ഗവൺമെന്റിന്റെ ആത്മാർത്ഥതയേയും പ്രതിബദ്ധതയേയും തെളിയിക്കുന്നു. വിഭവ സമാഹരണത്തിന് ഗവൺമെന്റ് സ്വന്തം ബാങ്ക് തുടങ്ങുമെന്നുള്ള പ്രസ്താവന സ്വാഗതാർഹമാണ്. ആഭ്യന്തര നിക്ഷേപവും പ്രവാസി നിക്ഷേപവും നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വിനിയോഗിക്കണം. വാറ്റ് നികുതി പിരിവിൽ ആശാവഹമായ പുരോഗതി ഉണ്ടായിരിക്കുന്നു. ഹാരിസൺ കമ്പനി നല്കാനുള്ള പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണം. ഇടുക്കി ജില്ലയിൽ ഏക്കർ കണക്കിന് അനധികൃതമായ ഭൂമി പാട്ടത്തിന്റെ പേരിൽ കൈവശം വച്ച് അനുഭവിക്കുകയും വില്ക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കണം. പ്രകൃതിക്ഷോഭമുണ്ടായപ്പോൾ യുദ്ധകാലാടിസ്ഥാനത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും ദുരിതബാധിതരെ പുനരധിവസിപ്പിക്കുന്നതിനും വേണ്ടി 1441.75 കോടി രൂപയുടെ പദ്ധതി വളരെ സുതാര്യതയോടുകൂടി ഈ സർക്കാർ നടപ്പിലാക്കാൻ തയ്യാറായത് അഭിനന്ദനാർഹമാണ്. കഴിഞ്ഞ സർക്കാർ സുനാമി ദുരിതബാധിതർക്ക് നല്കാമെന്ന് പ്രഖ്യാപിച്ച ധനസഹായം ഈ ഗവൺമെന്റ് അധികാരം ഏറ്റെടുത്തതിനുശേഷമാണ് കൊടുത്തത്. കാർഷിക കടംമൂലം ആത്മഹത്യ ചെയ്തവരുടെ ആശ്രിതർക്കും എൻഡോസൾഫാൻ മൂലം മരണമടഞ്ഞ

വരുടെ ആശ്രിതർക്കും 50,000 രൂപ വീതം ഗവൺമെന്റ് നല്കിയത് ഏറെ അഭിനന്ദനാർഹമാണ്. പരമ്പരാഗത മേഖലയിലെ കർഷകത്തൊഴിലാളികൾക്കും കയർത്തൊഴിലാളികൾക്കും നിരവധി പെൻഷനുകൾ സമയബന്ധിതമായി കൊടുക്കുകയും ഇടുക്കി ജില്ലയിൽ തോട്ടം മേഖലയിൽ പൂട്ടിക്കിടക്കുന്ന ലയങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് 90 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തത് ജനങ്ങളോടുള്ള സർക്കാരിന്റെ പ്രതിബദ്ധതയാണ് തെളിയിക്കുന്നത്. പ്രകൃതി ദുരന്ത നിവാരണ പദ്ധതികൾ ഈ സഭാസമ്മേളനത്തിൽ പ്രഖ്യാപിക്കുമെന്നുള്ളത് അഭിനന്ദനാർഹമാണ്. അന്തർദ്ദേശീയ നിലവാരത്തിലുള്ള ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂഷൻ രൂപീകരിക്കാനുള്ള തീരുമാനം ഏറെ അഭിനന്ദനാർഹമാണ്. ജില്ലാഭരണം ശക്തിപ്പെടുത്തുന്നതോടൊപ്പം ഭരണ നവീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം. വില്ലേജ് തലങ്ങളിലുള്ള ജീവനക്കാരുടെ ഒഴിവുകൾ അടിയന്തിരമായി നികത്തുകയും ഔദ്യോഗികതലത്തിലുള്ള അഴിമതി തടയാൻ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. ഫയലുകളിന്മേൽ നിശ്ചിത സമയത്തിനുള്ളിൽ തീരുമാനമെടുക്കുന്നുവെന്ന് ഉറപ്പുവരുത്തണം. വില്ലേജ് ആഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും. താലൂക്ക് ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനും മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളിൽ അർഹതപ്പെട്ടവർക്ക് പെൻഷൻ നല്കാനും നടപടി സ്വീകരിക്കണം.

ശ്രീ. സി.ടി. അഹമ്മദ് അലി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റിന്റെ ഭരണം 4 മാസം പിന്നിട്ടിട്ടും എല്ലാ അർത്ഥത്തിലും പൂർണ്ണ പരാജയമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പിന്തുണയുള്ള ഗവൺമെന്റ് കേന്ദ്രം ഭരിച്ചിട്ടും പദ്ധതികൾ നേടിയെടുക്കാനോ അർഹതപ്പെട്ട

സഹായം ലഭ്യമാക്കാനോ പ്രതിപക്ഷത്തെ വിശ്വാസത്തിലെടുത്ത് ഒരു സമവായമുണ്ടാക്കി കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാനോ ഈ ഗവൺമെന്റ് ശ്രമിച്ചിട്ടില്ല. ഇക്കഴിഞ്ഞ ദിവസം ഉണ്ടായ ബോംബ് സ്ഫോടനം കണക്കിലെടുത്ത് ഇന്റലിജൻസ് വിഭാഗം വളരെ ജാഗ്രതയോടുകൂടി പ്രവർത്തിക്കണം. സംസ്ഥാനത്ത് സാംക്രമിക രോഗങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് പ്രതിരോധ നടപടികൾ സ്വീകരിക്കണം. കർഷക ആത്മഹത്യകൾക്ക് പരിഹാരം കാണുന്നതിനും പ്രകൃതിക്ഷോഭങ്ങൾക്ക് സഹായം നല്കുന്നതിനും സുനാമി ദുരിതാശ്വാസ പദ്ധതികൾ നടപ്പിലാക്കുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കാലവർഷക്കെടുതിക്ക് നല്കിവരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണം. പ്രകൃതിക്ഷോഭത്തിന്റെ ഭാഗമായുണ്ടാകുന്ന തീപിടിത്തത്തിന് നഷ്ടപരിഹാരം നല്കണം. കാലവർഷക്കെടുതികൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള മേഖലകളിൽ അത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പുതിയ താലൂക്കുകളും ഡിവിഷണൽ ഓഫീസുകളും താമസംവിനാ രൂപീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായം അർഹതപ്പെട്ടവർക്കെല്ലാം നൽകാനുള്ള നടപടി സ്വീകരിക്കണം. ജില്ലാ-താലൂക്ക്-റവന്യൂ-ഡിവിഷണൽ ഓഫീസുകളിലെ ജീവനക്കാരുടെ ഒഴിവുകൾ നികത്തണം. ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുകയും താലൂക്ക് ഓഫീസുകളോടനുബന്ധിച്ച് ഓരോ മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കുകയും വേണം. ഫയലുകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കണം. റവന്യൂ അദാലത്തുകൾ സംഘടിപ്പിക്കുകയും താലൂക്ക് സഭകൾ കൃത്യമായി ചേരുകയും പരാതികൾ നൽകുന്നവർക്ക് രസീതു നൽകുകയും

കെട്ടിക്കിടക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുകയും ചെയ്യണം. ലാന്റ് അസൈൻ മെന്റ് കേസുകൾ കൈകാര്യം ചെയ്യുന്ന ഇന്നത്തെ രീതിയിൽ മാറ്റം വരുത്തി സമയബന്ധിതമായി തീർപ്പുകൽപിക്കാൻ നടപടി സ്വീകരിക്കണം. വിൽപന നികുതി നിരക്ക് കുറയ്ക്കുകയും നികുതി ചോർച്ച തടയുകയും കുടിശ്ശിക നികുതി പിരിച്ചെടുക്കുകയും ചെയ്യണം. ഭക്ഷ്യവസ്തുക്കളിൻമേലുള്ള നികുതി ഒഴിവാക്കണം. ചെക്ക്പോസ്റ്റുകളിൽ കൂടുതൽ ജീവനക്കാരെ നിയമിച്ച് അവിടത്തെ ജോലിഭാരം ലഘൂകരിക്കണം.

<u>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മാഫിയാ സംഘങ്ങളുടെ പിടിയിലായിരുന്ന റവന്യൂ വകുപ്പിനെ മോചിപ്പിക്കാനും കൂടുതൽ ദിശാബോധത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും ഈ ഗവണ്മെന്റിനു കഴിഞ്ഞുവെന്നത് ഏറ്റവും വലിയ നേട്ടങ്ങളിലൊന്നാണ്. സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം തടയുന്നതിന് ചുരുങ്ങിയ കാലംകൊണ്ട് റവന്യൂ വകുപ്പിന് കഴിഞ്ഞത് അഭിനന്ദനാർഹമാണ്. അനധികൃതമായി ഭൂമി പതിച്ചുകൊടുത്തതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുകയും കൈവശം വച്ചിരിക്കുന്ന മുഴുവൻ സർക്കാർ ഭൂമിയും തിരിച്ചുപിടിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. നിയമവിരുദ്ധമായി വയൽ നികത്തുന്നതും പാറ പൊട്ടിക്കുന്നതും തടയണം. മണൽ വാരൽ സംഘങ്ങളെ അമർച്ച ചെയ്യാൻ റവന്യൂ വകുപ്പിന് കഴിഞ്ഞുവെന്നത് ശ്ളാഘനീയമാണ്. കഴിഞ്ഞ ഗവണ്മെന്റ് സുനാമി ദുരിതാശ്വാസ ഫണ്ട് വകമാറി ചെലവഴിക്കുകയാണ് ചെയ്തത്. ഈ ഗവണ്മെന്റ് വന്നതിനുശേഷം റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സുനാമി ദുരിതാശ്വാസ കേന്ദ്രങ്ങൾ സന്ദർശിച്ച് സഹായങ്ങൾ

ചെയ്തുകൊടുത്തിട്ടുണ്ട്. റവന്യൂ വകുപ്പിനെ അഴിമതിവിമുക്തമാക്കാൻ ഈ ഗവണ്മെന്റിന് സാധിച്ചു. തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള വിജിലൻസ് സെല്ലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും കൊച്ചിയിൽ ഒരു വിജിലൻസ് സെൽ ആരംഭിക്കുകയും വേണം. റവന്യൂ വകുപ്പിൽനിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് മൂന്ന് വർഷമെങ്കിലും നിയമപ്രാബല്യം നൽകണം. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ആവശ്യമുള്ള സർട്ടിഫിക്കറ്റുകൾ കൊടുക്കാനുള്ള അധികാരം വില്ലേജ് ഓഫീസർമാർക്ക് നൽകണം. കാട്ടാക്കട കേന്ദ്രീകരിച്ച് പുതിയ താലൂക്ക് രൂപീകരിക്കുമെന്ന പ്രഖ്യാപനം അടിയന്തിരമായി നടപ്പിലാക്കണം. ലീസ് റെന്റും ബിൽഡിംഗ് ടാക്സും കാര്യക്ഷമമായി പിരിച്ചെടുക്കണം.

ശ്രീ. കെ.പി. മോഹനൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. റവന്യൂ വകുപ്പിന് കൂടുതൽ ഫണ്ട് അനുവദിക്കണം. ജില്ലാ ഭരണ ആസ്ഥാനങ്ങളിൽ കോ-ഓർഡിനേഷൻ ഉണ്ടാകണം. ചെക്ക്പോസ്റ്റുകളിലെ സുരക്ഷ ഉറപ്പാക്കുന്നതിനും അഴിമതി തടയുന്നതിനും സുരക്ഷാസേനയെ നിയോഗിക്കണം. ജീവനക്കാർക്ക് ആധുനിക ഉപകരണങ്ങളും സ്കാനറുകളും നൽകുകയും ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുകയും ചെയ്യണം. താമസിക്കുവാൻ ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നികുതി കുറയ്ക്കണം; ആഡംബര നികുതി ഒഴിവാക്കണം. മുൻപ് ഒരു ഗവണ്മെന്റും ചെയ്യാത്ത രീതിയിലുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളാണ് ഈ ഗവണ്മെന്റ് ചുരുങ്ങിയ കാലത്തിനുള്ളിൽ ചെയ്തത്. ദുരിതാശ്വാസ ഫണ്ട് വർദ്ധിപ്പിക്കണം. ഓരോ നിയമസഭാ മണ്ഡലത്തിലും ഓരോ മിനി സിവിൽ സ്റ്റേഷൻ അനുവദിക്കുയും അതിൽ ജനപ്രതിനിധികൾക്ക് പ്രത്യേക ഓഫീസ് സംവിധാനം ഉണ്ടാക്കുകയും വേണം.

<u>ശ്രീ. വി. സുരേന്ദ്രൻ പിള്ള</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നാലുമാസംകൊണ്ട് ഈ ഗവണ്മെന്റ് കുടിശ്ശികകൾ കൊടുത്തുതീർക്കുകയും പരമാവധി വികസനപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. പുതിയതായി ഒരുതരത്തിലുള്ള നികുതിയും ഏർപ്പെടുത്തിയിട്ടില്ല. സ്റ്റേകൾ വെക്കേറ്റ് ചെയ്ത് തുക പിരിച്ചെടുക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കണം. ട്രെയിൻ വഴിയുള്ള കള്ളക്കടത്തുകൾ തടയാൻ കഴിഞ്ഞാൽ അതുവഴി നഷ്ടപ്പെടുന്ന റവന്യൂ വരുമാനം ലഭ്യമാക്കാൻ കഴിയും. ലക്കി വാറ്റ് സംപ്രദായം വ്യാപകമാക്കണം. പ്രകൃതിക്ഷോഭമുണ്ടായ സന്ദർഭങ്ങളിൽ തീരപ്രദേശങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ അടിയന്തിര നടപടി സ്വീകരിച്ച ഗവണ്മെന്റാണിത്. വില്ലേജാഫീസുകളിൽ ചെല്ലുന്നവർക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യമുണ്ടാക്കണം. ചോർന്നൊലിക്കുന്ന വില്ലേജാഫീസുകൾ നന്നാക്കണം.

<u>ശ്രീ.എ.എ.അസീസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാലവർഷക്കെടുതികൾപോലുള്ള ദുരിതങ്ങൾ നേരിടുന്നതിന് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് മാതൃകാപരമായി പ്രവർത്തിക്കാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞു. സുനാമിമൂലം മരിച്ചവരുടെ ബന്ധുക്കൾക്ക് ഈ ഗവണ്മെന്റ് പെൻഷൻ നടപ്പിലാക്കി. തീരദേശത്ത് കിടപ്പാടം നഷ്ടപ്പെട്ടവർക്ക് ഭൂമിയും വീടും നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ് പാട്ട വ്യവസ്ഥ ലംഘിച്ച് സ്വകാര്യ ആവശ്യത്തിന് വിനിയോഗിക്കുന്ന ഗവണ്മെന്റ് വസ്തുക്കൾ തിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. അടച്ചുപൂട്ടിയ തേയില തോട്ടങ്ങളിലെ തൊഴിലാളികളുടെ ലയങ്ങൾ വൃത്തിയാക്കി പുനർ നിർമ്മാണം നടത്തുന്നതിന് ഗവണ്മെന്റ് നടപടി സ്വീകരിച്ചു. ലാന്റ്

ട്രൈബ്യൂണലിൽ കെട്ടിക്കിടക്കുന്ന 25,845 കേസുകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ദേവസ്വം വക കേസുകളിൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കണം. സാംസ്കാരിക–സാമുദായിക സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥലം പതിച്ചു കൊടുക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കണം. വില്ലേജാഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഫ്ളഡ് റിലീഫ് ഫണ്ട് സമയബന്ധിതമായി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വാളയാറിലെ മലബാർ സിമന്റ്സ് ഫാക്ടറിക്ക് പ്രത്യേക ധനസഹായം നൽകുകയും പ്രത്യേക ചെക്ക്പോസ്റ്റ് കൗണ്ടർ അനുവദിക്കുകയും വേണം.

<u>ശ്രീ. കെ. കെ. ഷാജു</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പുതിയ നികുതി നിർദ്ദേശങ്ങൾ സംസ്ഥാനത്ത് ധനചോർച്ചയുണ്ടാക്കുവാനാണ് ഉപകരിച്ചിട്ടുള്ളത്. സ്വർണ്ണത്തിനും കല്യാണമണ്ഡപങ്ങൾക്കും ഏർപ്പെടുത്തിയ നികുതി പിൻവലിക്കണം. വരുമാനം വർദ്ധിപ്പിക്കുന്നതിനോ ചെലവ് ചുരുക്കുന്നതിനോ കഴിയാത്ത ഗവണ്മെന്റാണിത്. മന്ത്രി മന്ദിരങ്ങൾ മോടിപിടിപ്പിക്കുന്നതിലൂടെ ലക്ഷക്കണക്കിന് രൂപയാണ് ഗവൺമെന്റ് നഷ്ടമാക്കിക്കൊണ്ടിരിക്കുന്നത്. മന്ത്രിമാർ ടി.എ. ഇനത്തിൽ പരമാവധി പണം വസൂലാക്കുകയാണ്. കാർഷിക നികുതി സംബന്ധിച്ച് പുനർനിർണ്ണയം നടത്തണം. കാർഷിക ഉപകരണങ്ങളുടെമേൽ ഏർപ്പെടുത്തിയ വിൽപ്പന നികുതി പിൻവലിക്കണം. നാണ്യവിളകളുടെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിച്ച് കേരളത്തിലെ കർഷകരെ രക്ഷിക്കണം. പ്രകൃതിക്ഷോഭത്താൽ ദുരിതമനുഭവിക്കുന്നവർക്കുള്ള ധനസഹായവും കാർഷികോൽപ്പന്നങ്ങൾക്കുള്ള നഷ്ടപരിഹാരവും എത്രയുംവേഗം കൊടുത്തു തീർക്കണം. സംസ്ഥാനത്ത്

ജനങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ.എ.കെ.ശശീന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ധനകാര്യ മാനേജ്മെന്റിലും റവന്യൂ ഭരണത്തിലും ദിശാബോധത്തോടുകൂടിയുള്ള പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഗവണ്മെന്റാണിത്. നികുതി പിരിവ് സംബന്ധിച്ച ടാർജറ്റ് ഉയർത്താൻ കഴിഞ്ഞത് ധനകാര്യ മാനേജ്മെന്റ് മെച്ചപ്പെട്ടുവെന്നതിന് തെളിവാണ്. ചെക്ക് പോസ്റ്റുകളിലൂടെയുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമവും നല്ലതുതന്നെ. പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. നികുതി പിരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് ആധുനികവും മെച്ചപ്പെട്ടതുമായ സൗകര്യമുണ്ടാക്കണം. ഓപ്പറേഷൻ പാലക്കാട് പദ്ധതി അമരവിള ചെക്ക് പോസ്റ്റിലും നടപ്പാക്കണം. ജാഗ്രതാ സമിതികളിലൂടെ നികുതി പിരിവ് ഊർജ്ജസ്വലതയോടെ നടത്താൻ കഴിയുമെന്ന നിർദ്ദേശം നല്ലതാണ്. പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുവേണ്ടി അനുവദിക്കുന്ന തുക വർദ്ധിപ്പിക്കണം. റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. എം.എൽ.എ.മാരെ ചെയർമാന്മാരാക്കി വിപുലമായ അധികാരങ്ങൾ നൽകി ഡിസാസ്റ്റർ മാനേജ്മെന്റ് സമിതികൾ പുന:സംഘിടിപ്പിക്കുകയും പരിഷ്ക്കരിക്കുകയും വേണം. പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി മനസ്സിലാക്കി പ്രതിരോധ നടപടികൾ സ്വീകരിക്കണം. ദുരന്തമുണ്ടാകാൻ സാധ്യതയുള്ള തീരപ്രദേശങ്ങൾ കണ്ടെത്തി ഫലപ്രദമായ മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ കഴിയുന്ന പ്രോജക്ടുകൾ തയ്യാറാക്കണം.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബഡ്ജറ്റിലെ 90 ശതമാനം ടാക്സ് പ്രൊപ്പോസലുകളും പ്രതിപക്ഷം ഭരണപക്ഷത്തിരുന്നപ്പോൾ കൊണ്ടുവന്നിട്ടുള്ളതായതുകൊണ്ട് അതിനെ അവർ എതിർക്കേണ്ട കാര്യമില്ല. കഴിഞ്ഞ കുറേ വർഷങ്ങളായി വാളയാർ ചെക്ക്പോസ്റ്റിന്റെ സ്ഥിതി വളരെ ദയനീയമാണ്. പരിശോധനയ്ക്കുവേണ്ടി വാഹനങ്ങൾ അവിടെ നാലഞ്ച് മണിക്കൂർ വെയ്റ്റ് ചെയ്യേണ്ട സ്ഥിതിയാണ്. ചെക്ക്പോസ്റ്റുകളിൽ ശാസ്ത്രീയമായ പരിശോധനാരീതി കൊണ്ടുവരണം. റോഡിന്റെ വീതി കൂട്ടി 5–8 ലൈനുകളാക്കി ഓരോ ലൈനിലും വെയ് ബ്രിഡ്ജും സ്കാനിംഗ് മെഷീനുകളും സ്ഥാപിക്കുകയും കമ്പ്യൂട്ടർ ടെക്നോളജി ഈ മേഖലയിൽ അഡോപ്റ്റ് ചെയ്യുകയും ചെയ്താൽ 15 മിനിട്ടിനുള്ളിൽ വാഹനങ്ങൾ കടത്തിവിടാനും കൃത്യമായി ടാക്സ് പിരിക്കാനും സാധിക്കും. സെയിൽസ് ടാക്സ് ഓഫീസിലും ട്രാൻസ്പോർട്ട് ഓഫീസിലും ക്ളോസ്ഡ് സർക്യൂട്ട് ടി.വി. ഘടിപ്പിച്ച് ഡയറക്ട് കണക്ഷൻ ഡിസ്ട്രിക്ട് ഓഫീസിലും സെയിൽസ് ടാക്സ് കമ്മീഷണർ ഓഫീസിലും കൊടുത്താൽ അവിടെ നടക്കുന്ന കാര്യങ്ങൾ എളുപ്പത്തിൽ കണ്ടെത്താനാകും. അതിനുതകുന്ന വിധം ഈ ഓഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്യണം. കാർഷികാദായ നികുതി ഇനത്തിൽ കഴിഞ്ഞ വർഷം പിരിച്ച 4 കോടി രൂപ വളരെ കുറവാണ്. കാർഷികോൽപ്പന്നങ്ങൾക്ക് വില കുറയുന്ന വർഷങ്ങളിൽ അവയ്ക്ക് താങ്ങുവില പ്രഖ്യാപിക്കുകയും വില കൂടുന്ന വർഷങ്ങളിൽ കാർഷികാദായ നികുതി പിരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം. ഭൂനികുതി പ്രധാനപ്പെട്ട വിഷയമാണ്. സർക്കാരിന്റെ മുഖം രക്ഷിക്കുന്നത് പ്രധാനമായും വില്ലേജ് ഓഫീസുകളും പോലീസ് സ്റ്റേഷനുകളുമാണ്. ഒരു പ്രദേശത്തിന്റെയും അവിടുത്തെ മുഴുവൻ കുടുംബങ്ങളുടെയും സർവ്വേ നമ്പർ

ഉൾപ്പെടെയുള്ള കാര്യങ്ങൾ കമ്പ്യൂട്ടർവഴി ശേഖരിച്ച് ജനങ്ങൾക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ ലഭ്യമാക്കാൻ സാധിക്കും. അതുകൊണ്ട് കേരളത്തിലെ എല്ലാ വില്ലേജ് ഓഫീസുകളും ടൈം ബൗണ്ടായി കമ്പ്യൂട്ടറൈസ് ചെയ്യണം. നിർത്തിവച്ച റീസർവ്വേ നടപടികൾ രണ്ട് മൂന്ന് വർഷത്തിനുള്ളിൽ പൂർത്തിയാക്കി റിക്കാർഡ്സ് ഡിജിറ്റലൈസ് ചെയ്ത് പോക്കുവരവ് നടപടി സുഗമമാക്കണം. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് കമ്പ്യൂട്ടറൈസ് ചെയ്യണം. വില്ലേജ്-താലൂക്ക് ഓഫീസുകൾ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റുമായി കണക്ട് ചെയ്യാനുള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്തണം. ജനങ്ങൾ എല്ലാ ആവശ്യങ്ങൾക്കും തിരുവനന്തപുരത്തേയ്ക്ക് വരേണ്ട സ്ഥിതി അവസാനിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്തിനും ജില്ലാ കളക്ടർക്കും കൊടുക്കാൻ പറ്റുന്ന അധികാരങ്ങൾ ഡെലിഗേറ്റ് ചെയ്തുകൊടുക്കണം. ഡിപ്പാർട്ടുമെന്റുകളിൽ ഏത് പേപ്പർ ലഭിച്ചാലും മൂന്ന് ദിവസത്തിനകം പുട്ട് അപ് ചെയ്യണമെന്നിരിക്കേ സർക്കാർ ഓഫീസുകളിൽ ലഭ്യമാകുന്ന ഫയൽ മൂന്ന് ദിവസത്തിനകം തീർപ്പുകൽപ്പി ക്കണം എന്ന് നിയമം കൊണ്ടുവന്നാൽ ആർക്കും തിരുവനന്തപുരത്തേയ്ക്ക് വരേണ്ട ആവശ്യം വരില്ല, ഭരണം സുതാര്യമാക്കുകയും ചെയ്യാം. വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, കളക്ടറേറ്റ്, സെക്രട്ടേറിയറ്റ് തുടങ്ങിയവ കമ്പ്യൂട്ടറൈസ് ചെയ്യണം.

ശ്രീ. ബി. ബാബു പ്രസാദ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനങ്ങളു മായി അടുത്ത് ബന്ധമുള്ളതും വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയവ നൽകുന്നതുമായ വില്ലേജ് ഓഫീസുകൾ ഇന്ന് ഈജിയൻ തൊഴുത്തായി മാറിയിരിക്കുകയാണ്. രാജവാഴ്ചക്കാലത്തും ബ്രിട്ടീഷ് ഭരണകാലത്തും രൂപകൽപ്പന ചെയ്ത ഭാഷാശൈലിയാണ് ഇന്നും റവന്യൂ വകുപ്പുകൾ

തുടരുന്നത് എന്നതിനാൽ അത് കാലോചിതമായി പരിഷ്ക്കരിക്കണം. വിവര സാങ്കേതിക വിദ്യ മെച്ചപ്പെട്ട ഇന്നത്തെ കാലഘട്ടത്തിൽ ഭൂമിയുടേയും മറ്റും പ്രധാനപ്പെട്ട രേഖകൾ സൂക്ഷിക്കുന്ന വില്ലേജ് ഓഫീസുകൾക്ക് ആവശ്യമായ കെട്ടിടവും സുരക്ഷയും നൽകണം. പ്രകൃതിക്ഷോഭത്തെ സംബന്ധിച്ച യഥാർത്ഥ സ്ഥിതി കേന്ദ്ര സംഘത്തെ ബോധിപ്പിക്കുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു. ജില്ലയിലെ സുപ്രധാന കാര്യങ്ങൾ സംബന്ധിച്ച ചർച്ചയുടെ യഥാർത്ഥ ഷെഡ്യൂൾ എം.എൽ.എ.മാരെ മുൻകൂട്ടി അറിയിക്കണം. വികസനം, പ്രകൃതിക്ഷോഭം, പകർച്ചവ്യാധി തുടങ്ങിയവ സംബന്ധിച്ച പ്രവർത്തനങ്ങളിൽ ഭരണകൂടം രാഷ്ട്രീയം കാണിക്കരുത്. 2004 ഡിസംബറിൽ ഉണ്ടായ സുനാമിയുമായി ബന്ധപ്പെട്ട് അന്നത്തെ മുഖ്യമന്ത്രി പ്രഖ്യാപിച്ച ജലസേചന പദ്ധതികൾ, കടൽഭിത്തി നിർമ്മാണം തുടങ്ങിയവ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. 2007 ഏപ്രിൽ 1-ന് തുടങ്ങി 2009 ഏപ്രിൽ 1-ന് പണി പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുള്ള വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനുവേണ്ടി റെയിൽവേ അലൈൻമെന്റിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ബി.ഡി. ദേവസ്സി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ ജനോപകാരപ്രദമാക്കാനും വകുപ്പിനെ പരി ഷ്ക്കരിച്ച് സേവനം മെച്ചപ്പെടുത്താനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധ മാണെന്ന് സർക്കാരിന്റെ പ്രവർത്തനത്തിൽനിന്നും മനസ്സിലാകും. ഈ ഗവൺമെന്റ് ധനകാര്യ വകുപ്പിനെ കൂടുതൽ കാര്യക്ഷമമാക്കി പരമാവധി നികുതി പിരിച്ചെടുത്ത് പാവപ്പെട്ടവരുടെ താൽപ്പര്യം സംരക്ഷിക്കുകയാണ് ചെയ്യുന്നത്. കാലവർഷക്കെടുതിയെത്തുടർന്ന് സർക്കാർ സ്വീകരിച്ച അടിയന്തിര നടപടികൾ ശ്ലാഘനീയമാണ്. സുനാമി ഫണ്ട് യഥാക്രമം വിനി

യോഗിക്കുന്നതിൽ കഴിഞ്ഞ സർക്കാർ വീഴ്ചവരുത്തി. സുനാമി ദുരന്തംമൂലമുണ്ടായ കനത്ത നഷ്ടം നേരിടാൻ കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന ചെയ്തുവെങ്കിലും കഴിഞ്ഞ സർക്കാർ ജനങ്ങളെ വഞ്ചിക്കുകയാണ് ചെയ്തത്. സുനാമി ദുരിത ബാധിതർക്കുവേണ്ടിയുള്ള ഭവനനിർമ്മാണത്തിലെ വീഴ്ച സംബന്ധിച്ച് അന്നത്തെ മുഖ്യമന്ത്രിക്ക് നിയമസഭയിൽ കുറ്റസമ്മതം നടത്തേണ്ടിവന്നു. ദുരിതാശ്വാസമായി കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ച 249.36 കോടി രൂപ യിൽ 100 കോടി രൂപ വാങ്ങുകയും അതിൽ 11.41 കോടി രൂപ വകമാറ്റി ചെലവാക്കുകയും ചെയ്തുവെന്നാണ് അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട്. സംസ്ഥാനങ്ങൾക്ക് സുനാമി ദുരിതാശ്വാസമായി കേന്ദ്രം അനുവദിച്ച തുക യിൽ ഏറ്റവും കുറച്ച് ചെലവഴിച്ചത് കേരളമാണെന്ന് രാജ്യസഭയിൽ വെളിപ്പെ ടുത്തിയിരുന്നു. കഴിഞ്ഞ സർക്കാർ അത് സംബന്ധിച്ച് നടത്തിയ പ്രഖ്യാപന ങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി 991.5 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ ഇനത്തിൽ ലഭിച്ച തുകയിൽ കഴിഞ്ഞ സർക്കാർ 75 കോടി രൂപ വകമാറ്റി ചെലവഴിച്ചു. ദുരിതാശ്വാസത്തിനായി ചെലവഴിച്ചതാകട്ടെ വിവേചനപരവും സങ്കുചിതവുമായാണ്. ഭൂമി കയ്യേറ്റക്കാരെ പ്രോൽസാഹിപ്പിക്കുന്ന നില പാടാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. കേരളത്തിന്റെ പൊതുകടം 50,000 കോടി രൂപയിൽ എത്തിച്ചുകൊണ്ട് തെക്കേ ഇൻഡ്യയിലെ ഏറ്റവും കൂടുതൽ പൊതുകടമുള്ള ഒരു സംസ്ഥാനമാക്കി കേരളത്തെ യു.ഡി.എഫ്. ഗവണ്മെന്റ് മാറ്റുകയാണ് ചെയ്തത്. വിൽപ്പന നികുതി ചെക്ക്പോസ്റ്റുകളിൽ നടക്കുന്ന അനധികൃത കള്ളക്കടത്തും പിടിച്ചുപറിയും അവസാനിപ്പിക്കാനും

ഗവണ്മെന്റിന് കിട്ടേണ്ട നികുതി കൃത്യമായി കിട്ടുന്നതിനും ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചത് സ്വാഗതാർഹമാണ്. ഗുരുവായൂർ ക്ഷേത്രവികസനത്തിനായി സ്ഥലം ഏറ്റെടുത്ത് ദേവസ്വത്തിന് കൊടുക്കുകയും ശബരിമലയുടെ വികസനത്തിനായി 350 ഏക്കറിലധികം വരുന്ന ഭൂമി ദേവസ്വത്തിന് വിട്ടുകൊടുക്കുകയുമുണ്ടായി. ഗുരുവായൂർ–താനൂർ തീരദേശ റെയിൽവേ നിർമ്മാണത്തിനും വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി പ്രദേശത്തേയ്ക്ക് റെയിൽവേ ലൈൻ എത്തിക്കുന്നതിനും വേണ്ട സ്ഥലമെടുപ്പിന് ഗവണ്മെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസാവശ്യങ്ങൾക്കായി ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് ലോൺ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിക്കാനും ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് ദുരന്തനിവാരണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനും തീരുമാനിച്ച നടപടികൾ സ്വാഗതാർഹമാണ്. സംസ്ഥാനത്ത് പ്രകൃതിദുരന്തങ്ങളെ നേരിടാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനായി 2005–ലെ കേന്ദ്ര ദുരന്ത നിവാരണ നിയമത്തിനനുസൃത മായി സംസ്ഥാന ദുരന്ത നിവാരണ ചട്ടങ്ങൾ പുറപ്പെടുവിക്കാനും സമഗ്രമായൊരു ദുരന്തനിവാരണ നയം പ്രഖ്യാപിക്കാനും കഴിയണം. സുനാമി എൻജിനീയറിംഗ് അസിസ്റ്റൻസ് പ്രോഗ്രാം, സുനാമി റീഹാബിലിറ്റേഷൻ പ്രോഗ്രാം എന്നിവ ഫലപ്രദമായി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഈ പദ്ധതികളുടെ നടത്തിപ്പ് കൃത്യമായി അവലോകനം ചെയ്യുന്നതിനും സർക്കാർ തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സെക്രട്ടേറിയറ്റിൽ പ്രത്യേക

സെൽ രൂപീകരിക്കണം. ആത്മഹത്യചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതം ധനസഹായവും എൻഡോസൾഫാൻ കീടനാശിനിയുടെ ഉപയോഗംമൂലം ദുരന്തമനുഭവിക്കുന്ന 135 പേർക്ക് 50,000 രൂപ വീതവും ഇടുക്കി ജില്ലയിൽ പൂട്ടിക്കിടന്ന തോട്ടങ്ങളിലെ തകർന്ന ലയങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 90 ലക്ഷം രൂപയും ഈ ഗവണ്മെന്റ് അനുവദിക്കുകയുണ്ടായി. കർഷകത്തൊഴിലാളികൾക്കും കശുവണ്ടിത്തൊഴി ലാളികൾക്കും നെയ്ത്തുതൊഴിലാളികൾക്കും കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക പെൻഷൻ വിതരണം ചെയ്തു. റവന്യൂ വകുപ്പിൽ മാത്രം ആശ്രിത നിയമനങ്ങൾക്കായി അപേക്ഷ നൽകിയിരുന്ന 26 പേർക്ക് നിയമനം നൽകാൻ കഴിഞ്ഞു. ലോക്കപ്പ് മരണം സംഭവിച്ച ഉദയകുമാറിന്റെ അമ്മയ്ക്ക് മൂന്ന് ലക്ഷം രൂപയും വീടും സ്ഥലവും കൊടുത്തു. സുനാമി ദുരന്തത്തിന്റെ ഫലമായി ക്യാമ്പുകളിൽ അവഗണനയിൽ കഴിഞ്ഞിരുന്നവർക്ക് ആശ്വാസമെത്തിക്കാനും അവരെ പുനരധിവസിപ്പിക്കാനുമുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണ്. മുകുന്ദപുരം താലൂക്ക് വിഭജിച്ച് ചാലക്കുടി ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിക്കാനും പരിയാരം ഗ്രൂപ്പ് വില്ലേജിൽ പരിയാരം പഞ്ചായത്ത് വിഭജിച്ച് അതിരപ്പിള്ളി പഞ്ചായത്തിന് പ്രത്യേക വില്ലേജ് രൂപീകരിക്കാനും ചാലക്കുടി നിയോജകമണ്ഡലത്തിലെ കൃഷിക്കാർക്ക് പട്ടയം കൊടുക്കാനും കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ കൊടുക്കുന്നതിനായി ഭൂവുടമാവിഹിതം പിരിച്ചെടുക്കാനുമുള്ള നടപടികൾ ത്വരിതപ്പെടുത്തണം. സമ്പന്നരിൽനിന്ന് നികുതി പിരിച്ചെടുക്കാത്ത ഒരു സമീപനമായിരുന്നു യു.ഡി.എഫ്. ഗവണ്മെന്റ് സ്വീകരിച്ചിരുന്നതെങ്കിൽ അവരിൽനിന്ന് നികുതി ഈടാക്കി അത് പരമ്പരാഗത വ്യവസായ മേഖലയേയും പാവപ്പെട്ടവരെയും സഹായി

ക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന ഒരു നയമാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. കെ.എം. മാണി : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിന്റെ ഫിസ്ക്കൽ മാനേജ്മെന്റ് ദൈനംദിനം വഷളായിക്കൊണ്ടിരിക്കുന്നു. .യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ 290 കോടി രൂപ മിച്ചമുണ്ടായിരുന്ന സ്ഥാനത്ത് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന് നാല് മാസത്തിനകം ആയിരം കോടി രൂപയുടെ ഓവർഡ്രാഫ്റ്റിൽ എത്തിനിൽക്കുകയാണ്. ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ട് അനുസരിച്ച് ജി.ഡി.പി. രണ്ട് ശതമാനമായി കുറച്ചുകൊണ്ടുവരേണ്ട സ്ഥാനത്ത് പരിധി കവിഞ്ഞും വായ്പകളെടുക്കുന്നതിനാൽ ഇന്ന് ഫിസ്ക്കൽ ഡെഫിസിറ്റ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ടാക്സ് ഇവേഷൻ നടക്കുന്ന സ്വർണ്ണ വ്യാപാരമേഖലയെ ലക്കിവാറ്റിൽനിന്ന് ഒഴിവാക്കിയ ഗവണ്മെന്റിന്റെ നടപടി ശരിയല്ല. നികുതിവരുമാനം കാത്തുസൂക്ഷിക്കുന്ന ചെക്ക് പോസ്റ്റുകൾ മാഫിയകളാണ് ഭരിക്കുന്നത്. കമ്പംമേട് ചെക്ക്പോസ്റ്റിൽ ജീവനക്കാരെ ഓടിച്ചശേഷം അക്രമങ്ങൾ നടത്തിയതിനു പിന്നിൽ പ്രവർത്തിച്ചതാരാണെന്ന് അന്വേഷിക്കണം. മാഫിയകളിൽനിന്ന് ചെക്ക്പോസ്റ്റുകളെ രക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കണം. നികുതി പിരിവിൽ കൂടുതൽ ശ്രദ്ധ കൊടുക്കണം. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് സുനാമി ദുരിതാശ്വാസത്തിനായി കേന്ദ്രത്തിൽനിന്നു കിട്ടിയ തുകയിൽ യാതൊരു ദുർവിനിയോഗവും നടന്നിട്ടില്ല. എൽ.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ധവളപത്രം പുറപ്പെടുവിക്കാത്തതിന്റെ കാരണം വിശദമാക്കണം. യു.ഡി.എഫ്. ഗവണ്മെന്റ് അധികാരം വിട്ടൊഴിയുമ്പോൾ മെച്ചമായിരുന്ന സാമ്പത്തികസ്ഥിതി ഇന്ന്

വഷളായിരിക്കുകയാണ്. അതിനാൽ ചെലവ് ചുരുക്കി, വരുമാനം വർദ്ധിപ്പിച്ച് ധനകാര്യമേഖലയിൽ നല്ലൊരു റിസൽട്ടുണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീമതി പി. അയിഷാ പോറ്റി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എൽ.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം സാമ്പത്തികനില മെച്ചപ്പെടുത്താനായി കൊണ്ടുവന്ന പദ്ധതികളിലൊന്നായ ലക്കി വാറ്റിന്റെ മേന്മ ജനങ്ങൾ മനസ്സിലാക്കുകയും സ്വാഗതം ചെയ്യുകയും ചെയ്തിരിക്കുകയാണ്. കശുവണ്ടിത്തൊഴിലാളികൾ, കർഷകത്തൊഴി ലാളികൾ എന്നീ വിഭാഗങ്ങൾക്ക് കൊടുക്കാനുണ്ടായിരുന്ന പെൻഷൻ കൊടുക്കാതെ കോടിക്കണക്കിന് രൂപ കുടിശ്ശികയാക്കിയത് യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്താണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സുനാമി ഫണ്ട് വകമാറ്റി ചെലവഴിച്ചു. ഈ ഗവൺമെന്റിന്റെ ഫിസ്ക്കൽ മാനേജ്മെന്റ് ശരിയല്ലെന്ന പരാമർശത്തോട് യോജിക്കാൻ കഴിയില്ല. ഈ സർക്കാർ ലക്കിവാറ്റ് പോലുള്ള ഒട്ടേറെ നടപടികൾ സ്വീകരിച്ചത് സ്വാഗതാർഹമാണ്. മാഫിയ സംഘത്തെ അമർച്ച ചെയ്ത് വാളയാർ ചെക്ക്പോസ്റ്റിൽ കർശനമായ പരിശോധന നടത്തണം. ചെക്ക് പോസ്റ്റുകളിൽ ജീവനക്കാർക്ക് സുരക്ഷിതമായി ജോലി ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ സൃഷ്ടിക്കണം. ഇന്റലിജൻസ് വിഭാഗത്തെ ശക്തിപ്പെടുത്തി 24 മണിക്കൂർ ചെക്കിംഗ് ഉണ്ടായാൽ നികുതി വെട്ടിപ്പ് തടയാനും ഖജനാവിലേയ്ക്ക് പണം സമാഹരിക്കാനും സഹായകമാവും. ആര്യങ്കാവ് ചെക്ക് പോസ്റ്റിനടുത്തു ഒഴിഞ്ഞു കിടക്കുന്ന സർക്കാർ ഭൂമി ഫലപ്രദമായി ഉപയോഗപ്പെടുത്തി വാഹനങ്ങൾക്ക് പോകാനും പാർക്ക് ചെയ്യാനുമുള്ള സൗകര്യമുണ്ടാക്കണം; ജീവനക്കാർക്ക് സ്കാനർ അടക്കമുള്ള ആധുനിക സൗകര്യങ്ങൾ

ലഭ്യമാക്കണം. കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിന് മുൻകൈയെടുക്കണം. കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റിൽ ഗ്യാരേജും ഷോപ്പിംഗ് കോംപ്ലക്സും ഉണ്ടാക്കി വരുമാനം വർദ്ധിപ്പിക്കണം. പ്രകൃതി ദുരന്തങ്ങൾക്ക് സമയബന്ധിതമായി ആശ്വാസം എത്തിക്കാൻ നടപടിയുണ്ടാകണം. ഈ ഗവൺമെന്റ് കാലവർഷക്കെടുതി യിൽ ജീവൻ നഷ്ടപ്പെട്ട 174 പേരുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതം നഷ്ടപരിഹാരം കൊടുത്തതിനെ സ്വാഗതം ചെയ്യുന്നു. സുനാമി ദുരന്തത്തിന് ഇരയായവർക്ക് യു.ഡി.എഫ്. സർക്കാർ യാതൊരു സഹായവും ചെയ്തിട്ടില്ലെന്നു മാത്രമല്ല വിദേശമലയാളികളിൽനിന്നും സന്നദ്ധ സംഘടനകളിൽനിന്നും മറ്റും സമാഹരിച്ച തുകയ്ക്ക് ഒരു പ്രത്യേക അക്കൗണ്ട് പോലും തുറന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അർഹതപ്പെട്ട തുക നൽകി ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ജനകീയ സഭകളുണ്ടാക്കി വികസന പ്രവർത്തനങ്ങൾ നടത്തി മുന്നോട്ടുപോകുന്ന ഗവൺമെന്റാണിത്. ഈ ഗവൺമെന്റ് വന്നതിനുശേഷം സ്ത്രീപീഡനങ്ങൾ കുറഞ്ഞു. കസ്റ്റഡി മരണം അന്വേഷിക്കുന്നതിന് അന്വേഷണ കമ്മീഷനെ നിയമിക്കാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. ഈ ഗവൺമെന്റ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി കശുവണ്ടിത്തൊഴിലാളികളുടേയും വികലാംഗരുടേയും ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു. ജീവനക്കാർക്ക് പുതുക്കിയ ശമ്പളം നൽകി ലഭ്യമായ പണം ഫലപ്രദമായി വിനിയോഗിച്ച് ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ താലൂക്ക്തലത്തിലും മണ്ഡലാടിസ്ഥാനത്തിലും കമ്മിറ്റികൾ രൂപീകരിച്ച് മാതൃകാ പ്രവർത്തന ങ്ങളുമായി ഈ സർക്കാർ മുന്നോട്ടുപോവുകയാണ്.

<u>ശ്രീ. പി. തിലോത്തമൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന് പരിമിതമായ നാളുകൾക്കകം തന്നെ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് കാഴ്ചവച്ചിട്ടുള്ളത്. ധനകാര്യ, റവന്യൂ വകുപ്പുകളുടെ സേവനം നിസ്തുലമാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും ഉറച്ച കാൽവയ്പ്പുകളോടെ ഈ സർക്കാർ മുന്നോട്ടു പോവുകയാണ്. ചേർത്തല താലൂക്കിൽ ചിക്കുൻഗുനിയ രോഗം നിയന്ത്രണവിധേയമാക്കാൻ സ്വീകരിച്ച നടപടികൾ ശ്ലാഘനീയമാണ്. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി മറികടക്കാനും വരുമാന മുണ്ടാക്കാനും പുതിയ മാർഗ്ഗങ്ങൾ ആരായണം. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വിൽപനയിൽ ഉണ്ടാകുന്ന വർദ്ധനവിന്റെ അടിസ്ഥാനത്തിൽ നികുതി പിരിച്ചെടുക്കണം. ഈ രംഗത്ത് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ലക്കി വാറ്റ് സമ്പ്രദായം അതിന് ഫലപ്രദമാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളം കടുത്ത വരൾച്ച യിലായിരുന്നു. അതിനെ നേരിടാൻ ധാരാളം തുക ചെലവഴിച്ചു. റവന്യൂ വകുപ്പ് ശ്ളാഘനീയമായ പ്രവർത്തനങ്ങളാണ് കാഴ്ചവച്ചത്. സെക്രട്ടേറിയറ്റ് പോലുള്ള ബഹുനില കെട്ടിടങ്ങൾ വാട്ടർ ഹാർവെസ്റ്റിനുവേണ്ടി വിട്ടു കൊടുക്കണം. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തണം. പ്രകൃതി ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് കാലതാമസം കൂടാതെ ധനസഹായം ലഭ്യമാക്കണം. മൽസ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെടുന്ന മൽസ്യത്തൊഴിലാളികൾക്ക് അർഹമായ നഷ്ടപരിഹാരം നൽകണം. പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നികുതി അസസ്സ് ചെയ്ത് കൃത്യമായി പിരിച്ചെടുക്കാൻ റവന്യൂ വകുപ്പിൽ പ്രത്യേക വിംഗ് ഉണ്ടാക്കണം. സ്വകാര്യ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും കൈവശമിരിക്കുന്ന

കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി ഏറ്റെടുക്കണം. കുത്തകപ്പാട്ട കുടിശ്ശിക പിരിച്ചെടുക്കണം സ്വകാര്യവ്യക്തികളുടെ കൈവശമുള്ള പുറമ്പോക്ക് ഭൂമി ഏറ്റെടുക്കണം. വയലുകളും മറ്റും വിലയ്ക്കെടുത്ത് നികത്തി വാണിജ്യാടിസ്ഥാനത്തിൽ വിൽപ്പന നടത്തുന്നത് തടയാൻ കേരളാ ലാന്റ് യൂട്ടിലൈസേഷൻ നിയമത്തിൽ ഭേദഗതിവരുത്തണം. റവന്യൂ വകുപ്പും സർവേ വകുപ്പും സംയുക്തമായി കൃഷിഭൂമിയുടെ റീസർവേ നടത്തി വയലുകൾ നികത്തുന്നത് തടയണം. സംസ്ഥാന വികസനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് റെയിൽവേയ്ക്കും നാഷണൽ ഹൈവേയ്ക്കും ആവശ്യമായ സ്ഥലം ലഭ്യമാക്കണം.

<u>ശ്രീമതി കെ.എസ്. സലീഖ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ യു.ഡി.എഫ്. സർക്കാർ പിന്നിലായിരുന്നു. എന്നാൽ നാലു മാസം കൊണ്ട് ഈ സർക്കാർ നല്ലൊരു ശതമാനം നികുതി പിരിച്ചെടുത്തു. എൽ.ഡി.എഫ്. സർക്കാർ ലക്കി വാറ്റ് സമ്പ്രദായം നടപ്പാക്കി; നികുതി പിരിവ് ശക്തമാക്കി. നിലവിലുള്ള കുടുംബശ്രീ മേഖലകളെക്കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവന്ന് അവർക്ക് ബോധവൽക്കരണം നൽകണം. ലക്കിവാറ്റ് സമ്പ്രദായത്തിലൂടെയുള്ള സമ്മാനങ്ങൾ മുഴുവൻ തൊട്ടടുത്ത കെ.എസ്.എഫ്.ഇ. ബ്രാഞ്ചിലൂടെ ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. വ്യാപാരികൾ കൃത്യമായി കണക്ക് സൂക്ഷിക്കാനും നികുതി അടയ്ക്കാനും ഈ സമ്പ്രദായം സഹായകമാവും. ലക്കിവാറ്റ് സമ്പ്രദായത്തിന്റെ പരിധിയിൽ ഹോട്ടലുടമകളെയും സ്വർണ്ണ വ്യാപാരികളെയുംകൂടി ഉൾപ്പെടുത്തണം. ലക്കി വാറ്റ് വഴി 800 കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നതിൽ 400 കോടി രൂപയെങ്കിലും സമാഹരിക്കാൻ കഴിഞ്ഞാൽ കേരളം ദക്ഷിണേന്ത്യ

യിലെതന്നെ ഏറ്റവും പ്രധാനപ്പെട്ട കവാടമായി മാറും. നികുതി വെട്ടിപ്പ് തടയാൻ പര്യാപ്തമായ വിധത്തിൽ ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. വാണിജ്യ നികുതി, എക്സൈസ്, ഫോറസ്റ്റ്, ഗതാഗതം, മൃഗസംരക്ഷണം, പോലീസ് എന്നീ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സംയോജിത ചെക്ക്പോസ്റ്റ് സംവിധാനത്തിന് രൂപം നൽകണം. 2006–07–ൽ ഈ സർക്കാർ പെരിയാർ, ചൈതന്യ, കൈരളി, സൗഭാഗ്യ തുടങ്ങിയ ഭാഗ്യക്കുറികളിലായി 208 നറുക്കെടുപ്പുകളിലൂടെ 191 കോടി രൂപയുടെ അധിക വിറ്റുവരവ് നടത്തുമെന്ന പ്രഖ്യാപനം സമസ്ത ജനവിഭാഗങ്ങളും സ്വാഗതം ചെയ്യുന്നതാണ്. എൽ.ഡി.എഫ്. അധികാരത്തിലിരുന്നപ്പോഴൊക്കെ കർഷകരെയും കർഷകത്തൊഴിലാളികളെയും സഹായിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാപ്പി, തേയില, കുരുമുളക്, ഏലം, തേങ്ങ തുടങ്ങിയ കാർഷിക വിളകളെ കാർഷികാദായ നികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. നാഫ്തയുടെ നികുതി പന്ത്രണ്ടരയിൽനിന്നും 4 ശതമാനമായി കുറച്ചത് വളത്തിന്റെ വില കുറയ്ക്കും. പുതിയ തലമുറയെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുവാനുള്ള സംവിധാനമുണ്ടാക്കണം. സർക്കാരിന് ലഭിക്കേണ്ട പാട്ട കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സ്ഥലത്തിന്റെ സ്വഭാവം അനുസരിച്ച് പാട്ടത്തുക പുതുക്കി നിശ്ചയിക്കാൻ പര്യാപ്തമായ വിധത്തിൽ സമൂലമായ നിയമനിർമ്മാണത്തിന് മുൻകൈ എടുക്കണം. ഭൂമിയുടെ ന്യായവില നിശ്ചയിച്ച് സ്റ്റാമ്പ് ഡ്യൂട്ടി കർശനമായി ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. റവന്യൂ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. റവന്യൂ വകുപ്പ് ആധുനികവൽക്കരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. എല്ലാ വില്ലേജ് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കണം. രേഖകൾ ഭദ്രമായി സൂക്ഷിക്കാനുള്ള സൗകര്യങ്ങ

ളുണ്ടാക്കണം. ജില്ലാ–താലൂക്ക് വിഭജനത്തിലെ അപാകതകൾ പരിഹരിക്കണം. പട്ടാമ്പി താലൂക്ക് രൂപീകരിക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം. വില്ലേജ് ഓഫീസിൽനിന്ന് വരുമാന സർട്ടിഫിക്കറ്റ് 3 വർഷത്തിലൊരിക്കൽ കൊടുക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. റവന്യൂ വകുപ്പിലെ കാലഹരണപ്പെട്ടതും പഴക്കംചെന്നതുമായ ചട്ടങ്ങളിലും നടപടി ക്രമങ്ങളിലും ആവശ്യമായ മാറ്റം വരുത്തണം. കാലവർഷക്കെടുതിമൂലം 20–09–2006 വരെ 174 ആളുകൾ മരിക്കുകയും 1063 വീടുകൾ പൂർണ്ണമായും 22316 വീടുകൾ ഭാഗികമായും തകരുകയുണ്ടായി. മരിച്ച കുടുംബങ്ങൾക്ക് അമ്പതിനായിരം രൂപവീതം കൊടുത്തിട്ടുണ്ട്. പൂർണ്ണമായി വീട് തകർന്നവർക്ക് ഇപ്പോൾ കൊടുക്കുന്ന 15000 രൂപ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല; നിരാലംബരായ ജനങ്ങളെ സഹായിക്കാൻ സ്വകാര്യ വ്യക്തികളും ജനങ്ങളും നൽകിയ ഫണ്ടു പോലും വകമാറ്റി ചെലവഴിക്കുകയാണ് ചെയ്തത്. ഈ ഗവൺമെന്റ് കഠിനമായ സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും സുനാമി ബാധിതരായ വിധവകൾക്ക് ധനസഹായവും അവരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായവും നൽകിയത് അവശ ജനവിഭാഗങ്ങളോടുള്ള പ്രതിബദ്ധതയാണ് തെളിയിക്കുന്നത്. കാർഷിക കടംമൂലം ആത്മഹത്യ ചെയ്ത 4 ജില്ലകളിലെ 549 കർഷക കുടുംബങ്ങൾക്കും എൻഡോസൾഫാൻ കീടനാശിനിയുടെ ഉപയോഗംമൂലം ദുരന്തം അനുഭവിക്കുന്ന 135 കുടുംബങ്ങൾക്കും 50000 രൂപ വീതം ധനസഹായം നൽകുകയുണ്ടായി. ദുരന്ത സാദ്ധ്യതാ മാപ്പിൽ ഒന്നിലധികം പ്രകൃതി ദുരന്തങ്ങൾ സംഭവിക്കാൻ സാദ്ധ്യതയുള്ള സംസ്ഥാനമായി കേരളത്തെ വിലയിരുത്തിയതിനാൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന

ഡിസാസ്റ്റർ മാനേജ്മെന്റ് ചട്ടങ്ങളിൽ സമൂലമായ മാറ്റം വരുത്തി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപീകരിക്കുകയും ഈ അതോറിറ്റിയുടെ കീഴിൽ ജില്ലാതല അതോറിറ്റികൾ വിഭാവന ചെയ്യുകയും വേണം.

ശ്രീ ആര്യാടൻ മുഹമ്മദ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റവന്യൂ റെസീപ്റ്റ് 19140 കോടി രൂപയാണെന്നാണ് ബഡ്ജറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര വിഹിതം കൂടി കണക്കിലെടുത്തിട്ടാണ് ഈ സംഖ്യ വന്നിട്ടുള്ളത്. കേരളത്തിന്റെ മാത്രം റവന്യൂ റെസീപ്റ്റ് 12000-ത്തിൽ ചില്വാനം കോടി രൂപ വരും. ഇതിൽ 11662 കോടി രൂപ സെയിൽസ് ടാക്സിൽ നിന്നാണ് ലഭിക്കുന്നത്. 1961-62 കാലഘട്ടത്തിൽ സെയിൽസ് ടാക്സ് കളക്ഷൻ 9.01 കോടി രൂപയായിരുന്നപ്പോൾ 2.26 കോടി രൂപയാണ് അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ്; അതായത് 25 ശതമാനം. എന്നാൽ ഇന്ന് അത് വളരെ ചുരുങ്ങി ഒരു ശതമാനംപോലുമില്ലാത്ത സാഹചര്യമുണ്ടായിരിക്കുന്നു. പ്ളാന്റേഷൻ മേഖലയിൽ കുറെ ഇളവുകൾ കൊടുത്തിട്ടുണ്ടെന്നുള്ളത് അംഗീകരിക്കുന്നു. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കണം. നികുതിപിരിവ് രംഗത്തെ ഹരാസ്മെന്റ് ഒഴിവാക്കണം. ഒരാളിന്റെ പേയിംഗ് കപ്പാസിറ്റി, അവർ ഉപയോഗിക്കുന്ന സാധനങ്ങൾ എന്നിവ കണക്കിലെടുത്തുകൊണ്ടായിരിക്കണം ടാക്സേഷൻ പോളിസി തീരുമാനിക്കേണ്ടത്. അല്ലെങ്കിൽ പാവപ്പെട്ട ആളുകളെ അത് പ്രതികൂലമായി ബാധിക്കും. എൽ.ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പെട്രോളിന് 40 ശതമാനത്തോളം വില വർദ്ധനവ് ഉണ്ടായി. വില വർദ്ധനവ് ഉണ്ടായാൽ പാവപ്പെട്ട കർഷകത്തൊഴിലാളിക്ക് പർച്ചേസിംഗ് കപ്പാസിറ്റി ഉണ്ടാകില്ല. വാറ്റിനെ ഇടതുപക്ഷ ജനാധിപത്യ മുന്നണി എതിർത്തുവെങ്കിലും അത് നടപ്പിലാക്കിയതിലൂടെ മൂവായിരം

കോടി രൂപയുടെ വർദ്ധനവുണ്ടാക്കാൻ സാധിച്ചു. ഇന്ന് സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് ബിസിനസ്സിൽ വലിയ മുതൽമുടക്കാണ് മാഫിയ സംഘങ്ങൾ നടത്തിയിട്ടുള്ളത്. അൻപതിനായിരം കോടിയോളം രൂപയുടെ ബിസിനസ്സ് നടത്തുന്ന മാഫിയ സംഘങ്ങളിൽനിന്നും ടാക്സ് കളക്ട് ചെയ്യണം. ലോട്ടറികളിൽനിന്നും പിരിഞ്ഞുകിട്ടേണ്ട അയ്യായിരം കോടി രൂപ പിരിച്ചെടുക്കണം. പ്രകൃതിക്ഷോഭത്തിനുവേണ്ടി ലഭിക്കുന്ന പണം അതാതു കൊല്ലം ചെലവാക്കിയില്ലെങ്കിലും അതു ലാപ്സാകുന്ന പ്രശ്നമില്ല. ആ തുക വരും വർഷങ്ങളിൽ ചെലവാക്കിയാലും മതിയാകും. ചീഫ് സെക്രട്ടറി കൺവീനറായ ഒരു കമ്മിറ്റിയാണ് ഇതിന് പണം അനുവദിക്കുന്നത്. ജനസംഖ്യ നോക്കി ഓരോ ജില്ലയ്ക്കുമുള്ള വിഹിതം ജില്ലാകളക്ടർക്ക് കൊടുക്കണം. കളക്ടർ ചെയർമാനായും. പി.ഡബ്ള്യു.ഡി. എക്സിക്യൂട്ടീവ് എൻജിനീയർ, അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിലെ ഒരു ജോയിന്റ് ഡയറക്ടർ, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ, ഇലക്ട്രിസിറ്റി ബോർഡിലെ ഡെപ്യൂട്ടി ചീഫ് എൻജിനീയർ തുടങ്ങിയവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ചാൽ പെട്ടെന്ന് ഒരു പ്രകൃതിക്ഷോഭം വന്നാൽ മണിക്കുറുകൾക്കകം റിപ്പോർട്ട് ലഭ്യമാക്കാനും കൃത്യ സമയത്ത് തുക ഡിസ്ബേഴ്സ് ചെയ്യാനും സാധിക്കും. ആളുകളുടെ ജീവിത നിലവാരത്തെക്കുറിച്ച് ശാസ്ത്ര-സാഹിത്യ പരിഷത്തിന്റെ പൂർണ്ണതോതിലുള്ള സർവ്വേ അടിയന്തിരമായി നടത്തി അതിനനുസൃതമായ ടാക്സേഷൻ പോളിസി കൊണ്ടുവന്ന് പാവപ്പെട്ടവർക്കും സമ്പന്നൻമാർക്കും വെവ്വേറെ ടാക്സ് ഏർപ്പെടുത്തണം.

**പ്രസ്താവന**

<u>മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ച കേസിൽ സുപ്രീം കോടതി നടത്തിയ പരാമർശം സംബന്ധിച്ച്</u>

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ.എൻ. കെ. പ്രേമചന്ദ്രൻ</u>): ഇന്ന് രാവിലെ സഭയുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് നടത്തിയ പ്രമേയത്തിന്റെ ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ട് സംസാരിച്ചപ്പോൾ മുല്ലപ്പെരിയാർ പ്രശ്നത്തെ സംബന്ധിച്ച് സുപ്രീം കോടതി കേസ് കേൾക്കുന്ന കാര്യം സൂചിപ്പിച്ചിരുന്നു. സുപ്രീം കോടതി കേസ് ഇന്ന് പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ നവംബർ മാസം 7-ാം തീയതിയിലേയ്ക്ക് കേസ് മാറ്റിവയ്ക്കുകയുണ്ടായി. പക്ഷേ കേസ് മാറ്റുമ്പോൾത്തന്നെ കേരള നിയമസഭ പാസ്സാക്കിയ കേരളാ ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2006 സ്റ്റേ ചെയ്യണമെന്നുള്ള തമിഴ്നാട് ഗവൺമെന്റിന്റെ ആവശ്യവും സുപ്രീം കോടതി പരിഗണിച്ചില്ല. മാത്രമല്ല, ഈ പ്രശ്നം ഇരു സംസ്ഥാനങ്ങൾ തമ്മിൽ ചർച്ച ചെയ്ത് പരിഹരിക്കേണ്ടതാണെന്നുള്ള ഒബ്സർവേഷനും സുപ്രീം കോടതിയുടെ ഭാഗത്തുനിന്നുണ്ടായിയെന്നുള്ള കാര്യവും സഭയെ അറിയിക്കുന്നു.

**ധനകാര്യം (തുടർച്ച)**

ധനകാര്യവകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): ഈ വകുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇരുഭാഗത്തുനിന്നും ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച അംഗങ്ങൾ അംഗീകരിച്ചിരിക്കുകയാണ്. നമ്മുടെ വരുമാനത്തിന്റെ 91 ശതമാനവും ഈ വകുപ്പിൽനിന്നാണ് ലഭിക്കുന്നത്. ഈ വർഷം 9200 കോടിയോളം രൂപയാണ് പിരിക്കുമെന്ന് പ്രതീക്ഷിക്കുന്നത്. ഇവിടെ പറഞ്ഞ പല പരിഷ്ക്കാരങ്ങളും നടപ്പാക്കണമെങ്കിൽ കൂടുതൽ പണം

മുടക്കേണ്ടി വരും. നികുതി വകുപ്പ് ബഡ്ജറ്റിൽ പറഞ്ഞതിനെക്കാൾ കൂടുതൽ തുക പിരിക്കുകയാണെങ്കിൽ ഇതിന്റെ തോത് കുറയും. ഭാവിയിൽ ഈ തോത് നിലനിർത്തണം. സഭ അത് അംഗീകരിക്കുകയാണെങ്കിൽ അടുത്ത വർഷത്തിൽ അതിൽ മാറ്റങ്ങൾ വരുത്താം. സംസ്ഥാനത്തിന്റെ പൊതു ധനസ്ഥിതിയെപ്പറ്റിയും ഫൈനാൻസ് ബില്ലിനെ സംബന്ധിച്ചുള്ള ചില വിശകലനവും ചില പൊതു തത്വങ്ങളും ഇവിടെ പ്രതിപാദിക്കുകയുണ്ടായി. ഫൈനാൻസ് ബില്ലിന്റെ ചർച്ച വരുന്നതുകൊണ്ട് ഫൈനാൻസ് ബില്ലിനെക്കുറിച്ച് പറയാനാഗ്രഹിക്കുന്നില്ല. നാലു മാസം കൊണ്ട് ധനസ്ഥിതി മോശമായിയെന്നു പറഞ്ഞു. റിവൈസ്ഡ് ബഡ്ജറ്റ് അവതരിപ്പിച്ച അവസരത്തിൽത്തന്നെ അത് വ്യക്തമാക്കിയിട്ടുള്ളതാണ്. പ്ളാൻ എക്സ്പെന്റിച്ചറായി വകകൊള്ളിച്ചിട്ടുള്ളത് 250 കോടി രൂപയാണ്. അനിവാര്യമായി ചെലവാക്കേണ്ട കാര്യങ്ങൾക്കാണ് ഈ തുക വകകൊള്ളിച്ചിട്ടുള്ളത്. തുക വക കൊള്ളിക്കാതിരുന്നാൽ ശമ്പളവും മറ്റ് ക്ഷേമാനുകൂല്യങ്ങളും കൊടുക്കേണ്ട തുക വച്ച് കഴിയുംപോഴേയ്ക്കും കമ്മിയെക്കുറിച്ചുള്ള കണക്കുകൾ തകിടം മറിയും. ധനകാര്യ കമ്മീഷന് കൊടുത്ത മെമ്മോറാണ്ഡത്തിൽ കമ്മി എത്രയായാലും പ്രശ്നമില്ല. വളരെ സ്ട്രിഞ്ചന്റായിട്ടുള്ള ടാർജറ്റ് ഫിക്സ് ചെയ്യണമെന്ന് പറഞ്ഞിരുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരള നിയമസഭയിൽ രണ്ട് ശതമാനം ഫിസ്ക്കൽ ടാർജറ്റ് ഫിക്സ് ചെയ്തത് മറ്റൊരു സംസ്ഥാനത്തും നടന്നിട്ടില്ല. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളുമായി അടിസ്ഥാനപരമായ ഒരു പൊളിച്ചെഴുത്തില്ലാതെ നമ്മൾ അവിടെ എത്തുകയില്ല. കേരളത്തിൽ അത് പൊളിറ്റിക്കലായി സസ്റ്റെയിനബിൾ അല്ലെന്ന് യു.ഡി.എഫ്-ഉം സമ്മതിച്ചു. ആ നയത്തിൽ യു.ഡി.എഫ്. അവസാനത്തെ രണ്ട് വർഷം മാറ്റം വരുത്തി.

ഈ രീതിയിലുള്ള കമ്മി വെട്ടിക്കുറയ്ക്കാൻ സാദ്ധ്യമല്ല. ഓവർഡ്രാഫ്റ്റിന് ലിമിറ്റുണ്ട്. സംസ്ഥാന ഗവൺമെന്റിന് പരിമിതിക്കുള്ളിൽനിന്നുകൊണ്ടു മാത്രമേ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ബഡ്ജറ്റിന്റെ ഭാഗമായി ഇവിടെ പറഞ്ഞത് ഈ വർഷം ഇംബാലൻസ് വളരെ പ്രകടമായി വന്നിരിക്കുന്നുവെന്നാണ്. സംസ്ഥാന വരുമാനത്തിൽ ചെലവ് 16 ശതമാനം എന്നത് 19 ശതമാനത്തിലേറെയായി വർദ്ധിപ്പിച്ചത് കുറച്ചുകൊണ്ടുവരണം. ഇന്ന് സംസ്ഥാന വരുമാനത്തിന്റെ 13 ശതമാനം മാത്രമാണ് നികുതിയായി ലഭിക്കുന്നത്. നികുതി ഊർജ്ജിതമായി പിരിച്ചാൽ നാല് വർഷംകൊണ്ട് 15 ശതമാനം വരെയാകും. അങ്ങനെ റവന്യൂ ഡഫിസിറ്റ് ഇല്ലാതാക്കുകയോ ഗണ്യമായി കുറയ്ക്കുകയോ ചെയ്യാം. ഇന്ന് സംസ്ഥാനത്തിന് പല ബുദ്ധിമുട്ടുകളുണ്ടെങ്കിലും ജനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കാതെ വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് മുന്നോട്ടുപോയാൽ ഒരു പരിധിവരെ ഈ പ്രശ്നം കൈകാര്യം ചെയ്യാൻ കഴിയും. അതിനുള്ള നടപടിയിലേയ്ക്ക് നീങ്ങുമ്പോഴാണ് ചില തർക്കങ്ങൾ വരുന്നത്. കേരളത്തിന്റെ വികസനത്തിന് ആവശ്യമായി വന്നാൽ വായ്പയെടുക്കണം. ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്യുന്നതിന് സഹായകരമായ നിലപാടാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കാർഷികാദായ നികുതി പിരിച്ചെടുത്ത് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാതെ, സംസ്ഥാനത്തെ വിളകളുടെ വില വർദ്ധിക്കുന്ന സമയത്ത് സോഷ്യൽ കൺട്രോളിലൂടെ അതിന്റെ ഒരു ഭാഗമെടുത്ത് വില താഴുന്ന സമയത്ത് ഒരു സെക്യൂരിറ്റി നൽകാൻ സർക്കാർ മുൻകൈയെടുത്തില്ലെങ്കിൽ ഈ പ്രശ്നങ്ങളിൽ ഇടപെടാൻ കഴിയുകയില്ല. മറ്റൊരു ആരോപണം വന്നത് കച്ചവടക്കാരെ ഹരാസ് ചെയ്തുവെന്നുള്ളതാണ്. ഒരു വ്യാപാരി

സംഘടനയും സംസ്ഥാന ബഡ്ജറ്റിനെ എതിർക്കാൻ മുന്നോട്ടുവന്നിട്ടില്ല. വാണിജ്യം പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി എൽ.ഡി.എഫ്. ഗവൺമെന്റ് ധാരാളം നിലപാടുകളെടുത്തിട്ടുണ്ട്. വാറ്റിന്റെ നികുതിയായി 3200 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. വിലക്കയറ്റമുണ്ടാക്കി വരുമാനമുണ്ടാക്കാൻ ശ്രമിച്ചുവെന്നു പറഞ്ഞു. കേരളത്തിൽ പെട്രോളിന്റെ ടാക്സ് 26.1 ശതമാനമാണെങ്കിൽ ആന്ധ്രയിൽ 33 ശതമാനവും തമിഴ്നാട്ടിൽ 30 ശതമാനവും കർണ്ണാടകയിൽ 28 ശതമാനവും ആണ്. കേന്ദ്ര ഗവൺമെന്റ് പെട്രോളിന് ഏർപ്പെടുത്തിയ വില സംസ്ഥാനങ്ങൾ താങ്ങണമെന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം. എംപവേർഡ് കമ്മിറ്റിയിൽ ചർച്ച ചെയ്തെടുത്ത നിലപാട് റെസല്യൂഷനായി കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. പാചക ഗ്യാസിന് പന്ത്രണ്ടര ശതമാനം നികുതിയുണ്ടായിരുന്നത് 4 ശതമാനമാക്കി കുറച്ചു. ഈ ഉൽപ്പന്നങ്ങളുടെ വിലയെ സംബന്ധിച്ചെടുക്കുന്ന തീരുമാനം സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യണം. ഏതെങ്കിലും സംസ്ഥാനത്തിന് പെട്രോളിന്റെ വില കുറയ്ക്കണമെന്നുണ്ടെങ്കിൽ കേന്ദ്രം ആദ്യം പെട്രോളിന്റെ പ്രൈസ് സ്ട്രക്ച്ചർ വെളിപ്പെടുത്തണം. സംസ്ഥാനത്തിന്റേതല്ലാത്ത നയവ്യതിയാനങ്ങൾകൊണ്ട് നിലവിലുള്ള പ്രൈസ് ഇക്വലൈസേഷൻ സ്റ്റെബിലൈസേഷൻ ഫണ്ട് ഇല്ലാതാകുകയും അന്തർദ്ദേശീയ മാർക്കറ്റിൽ വിലകൂട്ടിയതിന്റെ ഫലമായി സംസ്ഥാന സർക്കാരിന് വില കൂട്ടേണ്ടിവരികയും ചെയ്തു. കേന്ദ്ര നയത്തിന്റെ ഫലമായി ജനങ്ങളുടെമേൽ വരുന്ന അധികഭാരം സംസ്ഥാനങ്ങൾ വഹിക്കണമെന്ന തത്വത്തോട് യോജിക്കാൻ സർക്കാരിന് കഴിയില്ല. കേരളത്തിന് 250 കോടി രൂപയാണ് സി.എസ്.ടി. ഇനത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകൾ തമ്മിലുള്ള

ധനകാര്യ പ്രശ്നത്തിന്മേലുള്ള തർക്കവും സംസ്ഥാന ഗവണ്മെന്റുകൾക്ക് കിട്ടുന്ന വരുമാനത്തിന്റെ ഏറ്റക്കുറവുകളുംമൂലം കേന്ദ്രത്തിനെതിരായി ഒരുമിച്ച് ഒരു നിലപാടെടുക്കുന്നതിന് കഴിഞ്ഞ കുറേ വർഷങ്ങളായി സംസ്ഥാന ഗവൺമെന്റുകൾക്ക് കഴിഞ്ഞിട്ടില്ല. എന്നാൽ 1980–90 കാലഘട്ട ങ്ങളിൽ അന്തർ–സംസ്ഥാന തർക്കങ്ങളാണ് കേന്ദ്ര–സംസ്ഥാന തർക്കങ്ങളേ ക്കാൾ മുന്നിട്ടുനിന്നിരുന്നത്. സി.എസ്.ടി. ഒഴിവാക്കുന്നതിലൂടെ ഇതിന് ഒരു മാറ്റം വരുത്തുകയാണ് ചെയ്യുന്നത്. അസംസ്ക്കൃത വസ്തുക്കളുടെ മേൽ 4 ശതമാനമാണ് വാറ്റ് ഈടാക്കുന്നത്. ഇത് നിശ്ചയിക്കുന്നതിനുള്ള അവകാശം സംസ്ഥാന സർക്കാരിനാണ്. സർവ്വീസ് ടാക്സിന്റെ 50 ശതമാനം സംസ്ഥാനങ്ങൾക്കാണ് ലഭിക്കുന്നത്. ഇത് സംസ്ഥാനങ്ങളുടെ വരുമാന മാർഗ്ഗമാണ്. കേന്ദ്ര–സംസ്ഥാന ബന്ധങ്ങൾ റീ–സ്ട്രക്ച്ചർ ചെയ്യുന്നതിന് സംസ്ഥാന സർക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സി.എസ്.ടി. ഒഴിവാക്കുന്നതിലൂടെ സംസ്ഥാനങ്ങൾക്ക് ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനം ഇല്ലാതാകുന്നു. സംസ്ഥാനങ്ങൾ തമ്മിൽ തർക്കത്തിലേയ്ക്ക് പോകാതെ നെഗോഷിയേറ്റ് ചെയ്ത് ഒരു ജോയിന്റ് ഡിസിഷൻ എടുപ്പിക്കുന്നതിന് ഒരു നിർണ്ണായക പങ്ക് വഹിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. എല്ലാ സാധനങ്ങൾക്കും 20 ശതമാനം നികുതി ചുമത്തുന്നതിനോട് സർക്കാരിന് യോജിക്കാൻ കഴിയില്ല. ടാക്സിനത്തിൽ 3060 കോടി രൂപയുടെ കുടിശ്ശികയാണ് പിരിച്ചെടുക്കാനുള്ളത്. അതിൽ 950 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നാണ് ലഭിക്കാനുള്ളത്. വൺ ടൈം സെറ്റിൽമെന്റ് വരുമ്പോൾ ഇതിൽ പറയുന്ന നികുതി കുടിശ്ശികയും കണക്കിലെടുത്ത് മാറ്റം വരുത്തും. ഇത് ഒരു പാക്കേജിന്റെ ഭാഗമായി കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. 806 കോടി രൂപയുടെ

കോടതി സ്റ്റേ ഉണ്ട്. അത്തരം കേസ്സുകളിൽ തീർപ്പുകൽപ്പിക്കാനായി പ്രത്യേക ബഞ്ച് സ്ഥാപിക്കാനുള്ള ചർച്ചകൾ നടന്നുവരുന്നു. സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെ നിയമിച്ച് ഈ കേസുകൾ ഊർജ്ജിതമായി നടത്തിവരികയാണ്. 188 കോടി രൂപയുടെ ഗവൺമെന്റ് സ്റ്റേ ഉണ്ട്. അത് കാലാവധി തീരുന്ന മുറയ്ക്ക് തവണകളാക്കി കൊടുക്കുന്നതിന് നടപടി ഉണ്ടാകും. മേജർ സ്റ്റേ എല്ലാം വെക്കേറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഡിസ്റ്റിലറീസിന് 165 കോടി രൂപയുണ്ട്. അതിന് സ്റ്റേ ഇല്ല. ആർ.ആർ. നടപടികളിലൂടെ 45 കോടി രൂപയും ടാക്സ് ഉദ്യോഗസ്ഥർ വഴി 60 കോടി രൂപയും ചേർത്ത് മൊത്തം 100 കോടി രൂപയാണ് അരിയർ ഇനത്തിൽ പിരിച്ചെടുക്കുന്നത്. ഇക്കാര്യത്തിൽ അടുത്ത വർഷം ഗണ്യമായ വർദ്ധനവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. റിക്കൺസിലിയേഷന് നടപടി സ്വീകരിച്ചുവരികയാണ്. ഫിനാൻസ് ബില്ലിന്റെ ചർച്ചാവേളയിൽ കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ചും ലക്കിവാറ്റ് സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും പരിഗണിക്കുന്നതാണ്. പ്ലൈവുഡിന് സ്ക്വയർ ഫീറ്റിന് 1.50 രൂപ മുതൽ 2.47 രൂപ വരെയാണ് വിലയിട്ടിരിക്കുന്നത്. അത് മിനിമം 8 രൂപയെങ്കിലും ആക്കാതെ പറ്റില്ല. കട്ട് മോഷനിൽ വന്ന ഒരു ആവശ്യം ഇൻഡിവിഡ്വൽ ടാർജറ്റുകൾ സർക്കിൾ ടാർജറ്റുകളായി ഫിക്സ് ചെയ്യുന്നത് അടിയന്തിരമായി അവസാനിപ്പിക്കണമെന്നാണ്; അത് പറ്റില്ല. ഓഫീസുകളുടെ കാര്യത്തിൽ പ്രത്യേകമായ ഒരു ടാർജറ്റ് നിശ്ചയിച്ചിട്ടുണ്ട്. ആ ടാർജറ്റ് അച്ചീവ് ചെയ്താൽ കേരളത്തിൽ 4600 കോടിയിലധികം രൂപ നികുതിയിനത്തിൽ ഉണ്ടാകും. അങ്ങനെ ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമത ഉയർത്തിക്കൊണ്ട് വ്യാപാരികളുടേയും ഉപഭോക്താക്കളുടേയും സഹകരണം ഉറപ്പാക്കി ലക്ഷ്യത്തിലെത്തിച്ചേരാമെന്ന പ്രതീക്ഷയാണുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ കെ.പി. രാജേന്ദ്രൻ): ബഹുമാനപ്പെട്ട മെമ്പർമാർ ഉന്നയിച്ച നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് റവന്യൂ വകുപ്പിന്റെ പ്രവർത്തനം കുറെക്കൂടി കാര്യക്ഷമമാക്കുന്നതാണ്. കോൺട്രാക്റ്റർമാർക്കുള്ള കുടിശ്ശിക കൊടുക്കാൻ 28 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്. കാലവർഷക്കെടുതികൾമൂലം തകർന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിനുള്ള തുക ഘട്ടംഘട്ടമായി അനുവദിക്കുന്നതാണ്. കേന്ദ്രത്തിലെ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ ഡയറക്ഷൻ അനുസരിച്ച് ഒക്ടോബറിൽ സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി നിലവിൽ വരും. ആ അതോറിറ്റിയുടെ ഭാഗമായി എം.എൽ.എ.മാർ ചെയർമാൻമാരായി നിയമാനുസൃതമായി ഒരു സ്റ്റാറ്റ്യൂട്ടറി കമ്മിറ്റി നിലവിൽ വരും. അപ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാലതാമസമില്ലാതെ ചെയ്യാൻ കഴിയും. കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടതനുസരിച്ച് ഡിസ്ക്കഷൻ നടത്തിയതിന്റെ ഭാഗമായി കടലോര മേഖലയിലെ 17,000 വീട്ടുകാരെ സ്ഥിരമായി 4 സെന്റ് സ്ഥലം കൊടുത്ത് മാറ്റിത്താമസിപ്പിക്കണമെന്ന തീരുമാനം എടുത്തിട്ടുണ്ട്. ആദ്യത്തെ പ്രോജക്ട് എന്ന നിലയ്ക്ക് എറണാകുളം ജില്ലയിലെ നായരമ്പലം പഞ്ചായത്തിൽ രണ്ടുമൂന്നു കൊല്ലമായി കടപ്പുറത്തു താമസിക്കുന്ന 13 വീട്ടുകാരെ ഗാന്ധിജയന്തി ദിനത്തിൽ മാറ്റിപ്പാർപ്പിക്കുകയാണ്. സുനാമിയുമായി ബന്ധപ്പെട്ട് മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഇറക്കിയ ഓർഡർ പ്രകാരം വിധവകളായ സ്ത്രീകൾക്ക് 10 വർഷം പെൻഷൻ, മക്കളെ കെട്ടിച്ചയക്കാൻ 15,000 രൂപ, ബുദ്ധിമാന്ദ്യം ഉള്ളവർക്ക് പ്രതിമാസ പെൻഷൻ എന്നിവ നടപ്പിലാക്കി. 10 വർഷം പെൻഷൻ എന്നുള്ള വ്യവസ്ഥ മാറ്റണമെന്ന അവരുടെ ആവശ്യം പരിഗണിക്കുന്നതാണ്. സുനാമി ദുരിതബാധിതർക്ക് വീട്വച്ച് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് മാതാ അമൃതാനന്ദമയി

മഠത്തിനുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് 28 ലക്ഷം രൂപ വകവച്ചുകൊടുക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. 200-ഓളം വീടുകൾ മഠം പണിത് തരാമെന്ന് സമ്മതിച്ചിട്ടുണ്ട്. ജനപ്രതിനിധികളുമായി ആലോചിച്ച് ആറാട്ടുപുഴ പഞ്ചായത്തിൽ സുനാമി ദുരിതബാധിതർക്കു വേണ്ടി ഒരു പ്രോജക്ട് നടപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. മഹാരാഷ്ട്ര സർക്കാർ നല്കുന്ന 10 കോടി രൂപ ആലപ്പാട് പഞ്ചായത്തിനുവേണ്ടി ഉപയോഗിക്കുന്നതാണ്. പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ട ഉദയകുമാറിന്റെ അമ്മയ്ക്ക് ഈ ഗവൺമെന്റ് അധികാര മേറ്റെടുത്ത് ഒരു മാസത്തിനുള്ളിൽത്തന്നെ അവർ പറഞ്ഞ വീടും സ്ഥലവും വാങ്ങികൊടുക്കുന്നതോടൊപ്പം വീടിന്റെ താക്കോൽ ഉദയകുമാറിന്റെ അമ്മയെ ഏല്പിക്കുകയും ചെയ്തു. വല്ലാർപ്പാടം പദ്ധതികൾക്കും നാഷണൽ ഹൈവേയ്ക്കും റെയിൽവേ വികസനത്തിനും ആവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. വല്ലാർപ്പാടം പദ്ധതിയുടെ കാര്യത്തിൽ ഗവൺമെന്റ് ചെയ്യേണ്ട എല്ലാ കാര്യങ്ങളും ചെയ്യാൻ പ്രതിജ്ഞാബദ്ധമാണ്; ഇക്കാര്യത്തിൽ യാതൊരു വീഴ്ചയുമുണ്ടാകുകയില്ല. വിവിധ കോടതികളിൽ മിച്ചഭൂമിയുമായി ബന്ധപ്പെട്ട് നിലനില്ക്കുന്ന 30 വർഷം വരെ പഴക്കമുള്ള കേസ്സുകൾ തീർപ്പാക്കുന്നതിന് ഹൈക്കോടതിയിൽ ഒരു പ്രത്യേക ബഞ്ച് സ്ഥാപിക്കേണ്ടതുണ്ട്. സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാരുടെ ടീമിനെ നിയോഗിച്ച് അഡ്വക്കേറ്റ് ജനറലിന്റെ നിയന്ത്രണത്തിൽ ഈ കേസ്സുകൾ സമയബന്ധിതമായി തീർത്തെങ്കിൽ മാത്രമേ ഭൂമിയില്ലാത്ത പാവപ്പെട്ടവർക്ക് ഭൂമി കൊടുക്കാൻ സാധിക്കുകയുള്ളു. വയനാട്, ഇടുക്കി തുടങ്ങിയ സ്ഥലങ്ങളിൽ മിച്ചഭൂമി കയ്യേറി വില്പന നടത്തുന്നത് തടയുന്നതാണ്. റവന്യൂ-ഫോറസ്റ്റ് വകുപ്പുകൾ സംയുക്തമായി സുപ്രീം കോടതിയിൽ

അഫിഡവിറ്റ് കൊടുത്ത് സമയബന്ധിതമായി കേസുകൾ തീർപ്പാക്കാൻ കഴിഞ്ഞാൽ രണ്ട് വർഷത്തിനുള്ളിൽ പതിനായിരക്കണക്കിന് പാവപ്പെട്ട ആളുകൾക്ക് മിച്ചഭൂമി വിതരണം ചെയ്യാൻ കഴിയുന്നതാണ്. ലീസ് കുടിശ്ശിക പിരിച്ചെടുക്കുന്നതാണ്. മിച്ചഭൂമി അനധികൃതമായി കൈമാറ്റം ചെയ്യുന്നവരുടെ മേൽ നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്. ബിൽഡേഴ്സ് അസോസിയേഷൻ മുൻകൈയെടുത്ത് ബിൽഡിംഗ് ടാക്സ് അടപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. തിരുവനന്തപുരം, എറണാകുളം, ചാവക്കാട് താലൂക്കുകളിൽ ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിൽ ടാക്സ് പിരിച്ചെടുക്കാൻ തീവ്രശ്രമം നടത്തുന്നുണ്ട്. നെൽവയൽ സംരക്ഷണത്തിന് ഈ സഭാ സമ്മേളനത്തിൽത്തന്നെ നിയമനിർമ്മാണം കൊണ്ടുവരുന്നതാണ്. മണൽ വാരൽ അനധികൃതമായി തടയുന്നതു സംബന്ധിച്ച് ആഭ്യന്തര വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി ജില്ലാ കളക്ടർമാരുടെയും പോലീസ് ഓഫീസർമാരുടെയും യോഗം വിളിച്ചുകൂട്ടി ആവശ്യമായ നിർദ്ദേശം കൊടുക്കുകയും അതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നുമുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ടിന് അനുസരിച്ച് കടവു കമ്മിറ്റികൾ പുന:സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ മാസം 30-ാം തീയതിക്കുള്ളിൽ തന്നെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ജില്ലാതല കമ്മിറ്റികൾ പുന:സംഘടിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുന്ന താണ്. കായൽ നികത്തുന്നത് തടയാൻ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. റവന്യൂ ഓഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്ത് നവീകരിക്കുന്നതിന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽനിന്നും അംഗീകാരം കിട്ടിയിട്ടുണ്ട്. മിനി സിവിൽ സ്റ്റേഷൻ ആരംഭിച്ചിടത്തൊക്കെ യൂണിഫോമിറ്റി ഉണ്ടാക്കുന്നതാണ്. ഈ വർഷം 8 മിനി സിവിൽ സ്റ്റേഷൻ

ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. 16 താലൂക്കുകൾ രൂപീകരിക്കുന്ന കാര്യം ഈ ഗവൺമെന്റിന്റെ പരിഗണനയിലാണ്. കേരള പ്പിറവിയുടെ അൻപതാം വാർഷികത്തിൽ "കേരകേദാരം" എന്ന പദ്ധതി പ്രകാരം 25,000 തെങ്ങിൻതൈകൾ നടുന്നതാണ്. കേരളത്തിന്റെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് "നാടൻ മാന്തോപ്പ്" എന്നൊരു പുതിയ പദ്ധതിയും ആരംഭിക്കാൻ ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലത്തിൽ 10 ഏക്കർ സ്ഥലം റവന്യൂ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് റവന്യൂ വകുപ്പിൽനിന്നും 960 തസ്തികകളും സർവ്വേ ഡിപ്പാർട്ടുമെന്റിൽനിന്നും 660 തസ്തികകളും നിറുത്തലാക്കിയത്. കുറെയെങ്കിലും പുന:സ്ഥാപിച്ചെടുക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നതാണ്. റവന്യൂ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ നല്കിയ എല്ലാ നല്ല നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V–ാം നമ്പർ ധനാഭ്യർത്ഥനയും ഭൂ നികുതി എന്ന VI –ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാ ഭരണവും പലവകയും എന്ന XI–ാം നമ്പർ ധനാഭ്യർത്ഥനയും പ്രകൃതി ക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI–ാം നമ്പർ ധനാഭ്യർത്ഥനയും 36–നെതിരെ 79 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 5 മണിക്ക് പിരിഞ്ഞു.